ഖുത്ബ നമ്പര്‍
**06**
**08-02-2013**

بسم الله الرحمن الرحيم ○ نحمده ونصلي علىٰ رسوله الكريم ○ وعلىٰ عبده المسيح الموعود

**ജുമുഅ ഖുത്വ്ബ**

**ഹദ്റത്ത് മിര്‍സാ മസ്റൂര്‍ അഹ്മദ്**

**ഖലീഫത്തുല്‍ മസീഹ് അല്‍ഖാമിസ്** ايده الله تعالىٰ بنصره العزيز

**വിവര്‍ത്തനം: ടി.എം.അബ്ദുല്‍ മുജീബ്, കാക്കനാട്**



# മസീഹിന്റെ സഹാബാക്കള്‍

ഇന്നും ഞാന്‍ ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ സഹാബാക്കളുടെ വിവിധ സ്വപ്നങ്ങളും ദര്‍ശനങ്ങളും സമര്‍പ്പിക്കുന്നതാണ്. ഇതില്‍ അല്ലാഹുവിനോടുള്ള ഇവരുടെ ബന്ധവും ഇവരോടുള്ള അല്ലാഹുവിന്റെ ബന്ധവും പെരുമാറ്റവും എങ്ങിനെയുള്ളതായിരുന്നു എന്നത് മത്രമല്ല പ്രത്യുത, ചില സംഭവങ്ങളില്‍ അല്ലാഹു അവരോട് പറഞ്ഞ കാര്യങ്ങളിലും ഉപദേശങ്ങളിലും നമുക്ക് പാഠവുമുണ്ട്.

ഹദ്റത് മിയാന്‍ മുഹമ്മദ് സഹൂറുദ്ദീന്‍ സാഹിബ്, അദ്ദേഹം 1905 ലാണ് ബയ്അത്ത് ചെയ്തത് പറയുന്നു: ഒരു ദിവസം ഞാന്‍ പട്ടിണിയുടെ അവസ്ഥയില്‍ ഉച്ചക്ക് 12 മണിക്ക് കിടക്കുകയായിരുന്നു. എന്റെ ഭാര്യ എന്റെ ശരീരം ഞെക്കിതന്നു കൊണ്ടിരിക്കുകയായിരുന്നു. ആ അവസ്ഥയില്‍ എനിക്ക് ഉറക്കം വന്നു. സ്വപ്നത്തില്‍ നീല വസ്ത്രത്തിലുള്ള ഒരു സ്ത്രീ എന്റെ വീട്ടില്‍ വരുന്നതായി കാണുന്നു. ഒരു കയ്യില്‍ നിറഞ്ഞിരിക്കുന്ന പാലിന്റെ പാത്രവും ഉണ്ട്. വന്ന് കൊണ്ട് അതെനിക്ക് തന്നു. എന്നിട്ട് പറഞ്ഞു, മിയാന്‍ജി, ഞാന്‍ ഈ പാല് നിങ്ങള്‍ക്കായിട്ടാണ് കൊണ്ടു വന്നത്. നിങ്ങള്‍ ഇത് കുടിച്ചു കൊള്ളുക. ഞാനത് കുടിക്കാന്‍ തുടങ്ങിയപ്പോള്‍ ആ സ്ത്രീ പറഞ്ഞു: ഇതില്‍ പഞ്ചസാര ഇട്ടിട്ടുണ്ട്. അത് ഇളക്കുക. പറയുന്നു, ഞാന്‍ പാലില്‍ പഞ്ചസാര ഇളക്കാന്‍ തുടങ്ങിയപ്പോള്‍ ഉറക്കത്തില്‍ നിന്നുണര്‍ന്നു. എന്റെ ശരീരം അമര്‍ത്തികൊണ്ടിരുന്ന എന്റെ ഭാര്യ ചോദിച്ചു: നിങ്ങള്‍ ഭയന്നു പോയോ ? ഞാന്‍ പറഞ്ഞു, ഭയന്നില്ല. മറിച്ച് ഒരു സ്വപ്നം കണ്ടു. അങ്ങിനെ ഞാനാ സ്വപ്നം ഭാര്യയെ കേള്‍പ്പിച്ചു. ഞാനത് വിസ്മരിക്കുകയും ചെയ്തു. അല്‍പം നേരം കഴിഞ്ഞപ്പോള്‍, അഞ്ച് മിനിറ്റ് കഴിഞ്ഞപ്പോള്‍ അതേ രീതിയില്‍ നീല വസ്ത്രം ധരിച്ച കയ്യില്‍ പാലിന്റെ പാത്രം പിടിച്ച ഒരു സ്ത്രീ എന്റെ വീട്ടിലേക്ക് വന്നു. ആ സ്ത്രീ എന്റെ ഒരു ശിഷ്യന്റെ മാതാവായിരുന്നു. അവര്‍ വന്ന് എനിക്ക് പാലിന്റെ പാത്രം നല്‍കി കൊണ്ട് പറഞ്ഞു, നിങ്ങള്‍ ഇത് കുടിക്കുക. ഞാന്‍ കുടിക്കാന്‍ തുടങ്ങിയപ്പോള്‍ അവര്‍ പറഞ്ഞു, പഞ്ചസാര ഇട്ടിട്ടുണ്ട് അത് ഇളക്കിയാലും. എന്റെ ഭാര്യ ഈ സംഭവം വളരെ ശ്രദ്ധയോടെ വീക്ഷിക്കുകയായിരുന്നു. അവര്‍ പുഞ്ചിരിച്ചു കൊണ്ട് പറഞ്ഞു, ഇത് നിങ്ങളുടെ സ്വപ്നമാണല്ലോ? നിങ്ങള്‍ എന്നെ കേള്‍പ്പിച്ചത് പോലെ അക്ഷരം പ്രതി പുലര്‍ന്നിരിക്കുന്നു.

ചില സമയത്ത് അല്ലാഹു ഇപ്രകാരം സ്വപ്നത്തെ യാഥാര്‍ത്ഥ്യത്തില്‍ വ്യാഖ്യാനിച്ച് കാണിക്കുന്നു. ഒരു വ്യക്തിയുടെ പട്ടിണിയെ ദുരീകരിക്കുവാനായി അല്ലാഹു ഉടന്‍ തന്നെ സംവിധാനം ഏര്‍പ്പെടുത്തുന്നു. ദൈവത്തെ നിഷേധിക്കുന്നവര്‍ സ്വാഭാവികമായി അവരുടെ മനസ്സില്‍ ചിന്ത വന്നതായിരിക്കാമെന്നോ അല്ലെങ്കില്‍ ഇതൊരു യാദൃശ്ചിക സംഭവമാണെന്നോ പറഞ്ഞേക്കാം. എന്നാല്‍ ഇരുഭാഗത്ത് നിന്നും അല്ലാഹു ഇതിനെ കുറിച്ചുള്ള അറിവ് നല്‍കുകയാണ്. ഇത് യാദൃശ്ചികമാകുക അസാധ്യമാണ്. ഇതാണ് ഖുദ്റത്ത്, ഇതാണ് അല്ലാഹു. അവന്‍ ഒരു നല്ല സ്ത്രീയുടെ മനസ്സില്‍ ഒരു സല്‍പ്രകൃതക്കാരന്റെ വിശപ്പ് ശമിപ്പിക്കുന്നതിനുള്ള ചിന്ത ഉണര്‍ത്തി. ഉടന്‍ തന്നെ അവര്‍ അത് പൂര്‍ത്തിയാക്കുകയും ചെയ്തു.

ഹദ്റത് മൗലവി അബ്ദുര്‍ റഹീം സാഹിബ് നയ്യര്‍, 1901 ലാണ് അദ്ദേഹം ബയ്അത്ത് ചെയ്തത് പറയുന്നു, ഞാന്‍ ഹൈസ്കൂളില്‍ അദ്ധ്യാപകനായിരുന്ന സമയത്ത് അന്നത്തെ ഹെഡ് മാസ്റ്ററായിരുന്ന ശേര്‍ അലി സാഹിബുമായി ഞാന്‍ ഇന്‍ചാര്‍ജായിരുന്ന കളികളുടെ കാര്യത്തില്‍ ചില അഭിപ്രായ ഭിന്നതകളുണ്ടായി. അന്നേരാത്രി ഞാന്‍ തഹജ്ജുദില്‍ ദു:ആ ചെയ്തു. ഭിന്നത കാരണത്താല്‍ ഞാന്‍ അസ്വസ്ഥനായിരുന്നു. ദു:ആ ചെയ്തപ്പോള്‍ എനിക്ക് ഒരു നേര്‍ത്ത കടലാസില്‍ ഇങ്ങിനെ എഴുതിയിരിക്കുന്നതായി കാണിച്ചു തന്നു. No tournament, No games. പറയുന്നു, അതിനു ശേഷം ഞാന്‍ രോഗിയായി. അക്കാരണത്താല്‍ ടൂര്‍ണമെന്റില്‍ പങ്കെടുക്കാന്‍ കഴിഞ്ഞില്ല. കൂടാതെ ടൂര്‍ണമെന്റിന്റെ ദിനങ്ങളില്‍ നിരന്തരമായി മഴ പെയ്ത കാരണത്താല്‍ ഗുര്‍ദാസ്പൂര്‍ ടൂര്‍ണമെന്റ് കമ്മിറ്റി മത്സരങ്ങള്‍ റദ്ദ് ചെയ്യുകയും ചെയ്തു. ഒരു വെളിപാട് പുലര്‍ന്നു എന്നതില്‍ നമ്മുടെ വിദ്യാര്‍ത്ഥികള്‍ക്ക് സന്തോഷം ഉണ്ടായി. കളിക്കാരോടും കാര്യങ്ങള്‍ പറഞ്ഞിരുന്നു. തങ്ങളുടെ അദ്ധ്യാപകന്റെ വെളിപാട് പുലര്‍ന്നിരിക്കുന്നു എന്നതില്‍ അവര്‍ക്ക് സന്തോഷം തോന്നി. അവര്‍ അല്ലാഹു അക്ബര്‍ എന്ന മുദ്രാവാക്യം മുഴക്കി കൊണ്ട് ഖാദിയാനില്‍ എത്തിയപ്പോള്‍ ഈ വെളിപാടിന്റെ എല്ലാ വിശദീകരണങ്ങളും ഹദ്റത് അഖ്ദസിന്റെ അടുക്കല്‍ എത്തി. ഞാന്‍ വളരെ വിശദമായി എഴുതി സമര്‍പ്പിച്ചപ്പോള്‍ ഹുസൂര്‍ എനിക്കെഴുതി, വെളിപാട് വളരെ സ്പഷ്ടമായി പുലര്‍ന്നിരിക്കുന്നു. ഇത് നിങ്ങളുടെ ഹൃദയ പരിശുദ്ധിയുടെ അനുഗ്രഹങ്ങളാണ്. ഇപ്രകാരം ഒരു ഖാദിമിന്റെ സ്വപ്നം പൂര്‍ത്തിയായതില്‍ ഹുസൂര്‍ സന്തോഷം പ്രകടിക്കുമായിരുന്നു.

ഹദ്റത് ശേഖ് അത്താ മുഹമ്മദ് സാഹിബ് മുന്‍ പഢ്വാരി മഞ്ചവാ പറയുന്നു, മതിലിന്റെ കേസ് നടക്കുന്ന സമയത്ത് ഹദ്റത് അഖ്ദസ് കേസ് സംബന്ധമായി ബട്ടാലയില്‍ പോയിരിക്കുകയായിരുന്നു. അതായത് ഖാദിയാനില്‍ പിതൃ സഹോദരപുത്രന്മാരുമായി മതിലിന്റെ കേസ് നടക്കുന്ന സമയത്ത്. ഹുസൂര്‍ പറഞ്ഞു, ആര്‍ക്കൊക്കെ സ്വപ്നം ഉണ്ടായിട്ടുണ്ടോ അവര്‍ എനിക്ക് പറഞ്ഞു തരിക. കാരണം നീ രണ്ടാം യൂസുഫാണെന്ന് അല്ലാഹു പറഞ്ഞിരുന്നതായി ഹദ്റത് മസീഹ് മൗഊദ് (അ) പറഞ്ഞിരുന്നു, യൂസുഫിനും സഹോദരന്മാരില്‍ നിന്ന് പ്രയാസങ്ങള്‍ നേരിട്ടിരുന്നു. പറയുന്നു, ഞാന്‍ ഒരു സ്വപ്നം ഹുസൂറിനോട് പറഞ്ഞു, അതായത് ഞാന്‍ ഒരു മധുരമുള്ള തണ്ണിമത്തന്‍ കഴിക്കുകയാണ്. ഞാനതില്‍ നിന്ന് ഒരു കഷ്ണം സ്വന്തം മകന്‍ അബ്ദുല്ലാക്ക് നല്‍കിയപ്പോള്‍ അത് ഉണങ്ങിപ്പോയി. അപ്പോള്‍ ഹുസൂര്‍ പറഞ്ഞു, നിങ്ങളുടെ വീട്ടില്‍ ഏതെങ്കിലുമൊരു ഭാര്യയില്‍ നിന്ന് ഒരു ആണ്‍കുട്ടി ജനിക്കും. എന്നാല്‍ അവന്‍ ജീവിച്ചിരിക്കുന്നതല്ല. അങ്ങിനെ എനിക്കൊരു ആണ്‍കുട്ടി പിറന്നു. 11 മാസത്തിനു ശേഷം അവന്‍ മരിച്ചു. അതിന് ശേഷം ആ ഭാര്യ

യിൽ നിന്ന് കുട്ടികളൊന്നും ജനിച്ചില്ല. ഈ സ്വപ്നത്തിന് കേസുമായി യാതൊരു ബന്ധവുമുണ്ടായിരുന്നില്ല. എന്നിരുന്നാലും ആ സമയത്ത് അദ്ദേഹം കണ്ട സ്വപ്നം വിവരിക്കുകയായിരുന്നു.

1903 ൽ ബയ്അത്ത് ചെയ്ത ഹദ്റത് അമീർഖാൻ സാഹിബ് പറയുന്നു, 1917 ജനുവരിയിലെ ഒരു വ്യാഴാഴ്ച ദിവസം ഞാനൊരു സ്വപ്നം കണ്ടു. ഒരാൾ അതിവേഗതയിൽ കുതിരയോടിച്ചു വരികയാണ്. ഞാൻ ഒരു മൈതാനത്ത് നിൽക്കുകയാണ്. ആ വ്യക്തി കുതിരയിൽ നിന്നിറങ്ങി എന്നോട് പറഞ്ഞു, ഞാൻ രാജാവാകുന്നു. എന്റെ പേര് അഹ്മദ് അലി എന്നാകുന്നു. എനിക്ക് വേണ്ടി ദു:ആ ചെയ്യുക. അപ്പോൾ ഞാൻ ദു:ആ ചെയ്തു. ദു:ആക്കായി കയ്യുയർത്തിയപ്പോൾ അയാളും എന്നോടൊപ്പം ദു:ആ യിൽ പങ്കാളിയായി. ഞങ്ങൾ ദു:ആ ചെയ്ത് കഴിഞ്ഞപ്പോൾ ഉടൻ കുതിരയിൽ കയറി വേഗത്തിൽ മടങ്ങി. അൽപം ദൂരത്തെത്തിയപ്പോൾ അയാളുടെ ധാരാളം സൈന്യം പൊടിപടലങ്ങളുയർത്തികൊണ്ട് അയാളുടെ കൂടെ ചേർന്നു. - സ്വപ്നമാണിത് - അവരെ കൂടെ ചേർത്ത് കൊണ്ട് ശത്രു സൈന്യത്തിനെതിരിൽ നിലയുറപ്പിച്ചു. ശത്രുസൈന്യം ആയുധങ്ങളാലും യൂണിഫോമിലും ഒരുങ്ങിയതായിരുന്നു. അതു കണ്ടപ്പോൾ അവർക്കെതിരെ പോരാടുന്നത് പ്രയാസകരമായി തോന്നി. രണ്ട് കൂട്ടരേയും താരതമ്യം ചെയ്യുക അസാധ്യമാണ്. അപ്പോൾ ആരോ പറഞ്ഞു, മയിലിന്റെ അലങ്കാരം കുറവാണോ? സൈന്യം അണിഞ്ഞൊരുങ്ങിയിട്ടുണ്ട്. മയിലും അണിഞ്ഞൊരുങ്ങുന്നു. എന്നാൽ തോക്കിന്റെ ശബ്ദം കേട്ടാൽ ഉടൻ തന്നെ ഭയന്നോടിക്കളയുന്നു. ഗുഹകളിൽ പോയി മറഞ്ഞിരിക്കുന്നു. അതേപോലെ ശത്രു സൈന്യം പിന്തിരിഞ്ഞോടുന്നതാണ്. പറയുന്നു, അതിന് ശേഷം ഞാൻ ഉണർന്നു. യഥാർത്ഥ ശക്തി അല്ലാഹുവിന്റെ അനുഗ്രഹവും അവന്റെ പിന്തുണയും സഹായവുമാകുന്നു. പ്രൗഢിയും അലങ്കാരവുമൊന്നുമല്ല. ദു:ആ കൊണ്ടും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കികൊണ്ടും നടപ്പിലാകുന്ന കാര്യം പ്രത്യക്ഷ പ്രൗഢിയാലോ അലങ്കാരത്താലോ നടക്കുന്നതല്ല. ഓരോന്നിനും ഓരോ സമയം നിശ്ചയിച്ചിട്ടുണ്ട്. സമയമാകുമ്പോൾ അല്ലാഹു അതിന്റെ പരിണതഫലം കാണിക്കുന്നു.

ഹദ്റത് മിയാൻ ഇമാമുദ്ദീൻ സാഹിബ് സേഖ്വാനി പറയുന്നു. 1889 നവംബർ 23 നാണ് അദ്ദേഹം ബയ്അത്ത് ചെയ്തത്. പറയുന്നു, - ചെറിയ സ്വപ്നമാണ് - ഞാൻ കണ്ട സ്ഥലത്ത് ഒറ്റക്ക് തങ്ങുന്ന സമയത്ത് കുറച്ച് പണം ഹുസൂറിന് സമർപ്പിച്ചു. 2 രൂപയിൽ നിന്ന് രണ്ടോ മൂന്നോ കുറവായിരുന്നെന്ന് തോന്നുന്നു. അത് കണ്ടപ്പോൾ പുഞ്ചിരിച്ചു കൊണ്ട് ചോദിച്ചു, എന്തൊക്കെയുണ്ട് വിശേഷം? ഞാൻ പറഞ്ഞു, ഹുസൂർ ഞാൻ ഇത്രയും പണം താങ്കൾക്ക് നൽകുന്നതായി ഒരു സ്വപ്നം കണ്ടിരുന്നു. സ്വപ്നത്തെ പൂർത്തിയാക്കിയതാണ്.താങ്കൾ അത് സ്വീകരിക്കുകയും ചെയ്തു.

ഹദ്റത് അമീർ ഖാൻ സാഹിബ് പറയുന്നു, അദ്ദേഹം 1903 ലാണ് ബയ്അത്ത് ചെയ്തത്. എന്റെ മൂത്ത സഹോദരൻ ചൗധരി അതാ മുഹമ്മദ് ഖാൻ സാഹിബിന് ഭൂമിയുമായി ബന്ധപ്പെട്ട ഒരു കേസുണ്ടായിരുന്നു. 1913 ജനുവരി 21 ന് ഞാനൊരു സ്വപ്നം കണ്ടു. അദ്ദേഹത്തിന്റെ ഭാര്യ ഒരു അന്യനുമായി നിക്കാഹ് ചെയ്യുന്നു. പിന്നീട് ആ കേസ് തീരുകയും ആ സ്വത്ത് കയ്യിൽ നിന്ന് നഷ്ടപ്പെടുകയും. സ്വപ്നത്തിന്റെ വ്യാഖ്യാനം വിത്യസ്ഥ തരത്തിലാണ്. ചിലർ സ്വപ്നം കണ്ടതിനു ശേഷം ആക്ഷേപിക്കാൻ തുടങ്ങുന്നു. സ്വപ്നത്തിന്റെ വിവിധ തരത്തിലുള്ള വ്യാഖ്യാനങ്ങളുണ്ട്. ഇവിടെ ഭാര്യ അന്യനുമായി നിക്കാഹ് ചെയ്യുന്നതായിട്ടാണ് സ്വപ്നം കണ്ടത്. സ്വത്തിന്റെ കേസായിരുന്നു. അതിൽ പരാജിതനായി.

ഹദ്റത് അമീർ ഖാൻ സാഹിബ് പറയുന്നു, അദ്ദേഹം 1903 ലാണ് ബയ്അത്ത് ചെയ്തത്. അദ്ദേഹത്തിന്റെ തന്നെ നിവേദനമാണ് അടുത്തത്. സ്വപ്നത്തെ സംബന്ധിച്ച് അദ്ദേഹത്തിന്റെ ധാരാളം രിവായത്തുകളുണ്ട്. പറയുന്നു, 1912 ഡിസംബർ 18 ലെ രാത്രി ഞാനൊരു സ്വപ്നം കണ്ടു. എന്റെ വീട്ടിൽ ആൺകുട്ടി ജനിച്ചു. ഞാനതിനെ നെഞ്ചോട് ചേർത്ത് സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുകയാണ്. മധുരം വിതരണം ചെയ്യുന്നുണ്ട്. കുട്ടി സുന്ദരനാണെങ്കിലും മെലിഞ്ഞതും ക്ഷീണിച്ചതുമായിരുന്നു. 1913 ഫെബ്രുവരി 15 ന് അല്ലാഹു എനിക്കൊരാൺകുട്ടിയെ നൽകി. അവന്റെ പേര് ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) അബ്ദുല്ലാ ഖാൻ എന്ന് വെച്ചു. അവന്റെ ബലഹീനത 1938 ൽ 24 ാം വയസ്സിലും ഉണ്ട്.

പിന്നീട് അദ്ദേഹത്തിന്റെ തന്നെ മറ്റൊരു സ്വപ്നത്തെ കുറിച്ച് പരാമർശിക്കുന്നു. 1913 നവംബർ 24 ലെ രാത്രിയിൽ ഞാനൊരു സ്വപ്നം കണ്ടു . അതിൽ എനിക്ക് ഒരു ഹിന്ദു സന്യാസിയെ കാണിച്ചു തന്നു. കുഷ്ടരോഗിയായിരുന്നെങ്കിലും അയാളുടെ ശരീരം ദൃഢമായിരുന്നു. അയാൾ തന്റെ ആരോഗ്യത്തെ യുവാക്കൾക്ക് മുന്നിൽ പ്രദർശിപ്പിച്ചു കൊണ്ട് ബ്രഹ്മചര്യത്തിന്, ഏകാന്തജീവിതത്തിന് പ്രേരിപ്പിക്കുകയായിരുന്നു. ചെമ്പിൽ ഗന്ധകം കൊണ്ട് കളർ ചേർത്ത് അതിനെ സ്വർണ്ണമായി പ്രദർശിപ്പിക്കുകയായിരുന്നു. സ്വപ്നമാണ് വിവരിക്കുന്നത്. ഞാൻ സന്യാസിയോട് പറഞ്ഞു. നിങ്ങൾ എന്റെ മുന്നിൽ സ്വർണ്ണം ഉണ്ടാക്കി കാണിക്കുക. ഞാനിത് പറഞ്ഞപ്പോൾ അയാൾ അൽപം പരുങ്ങി. എന്നാൽ അഹങ്കാരത്തോടു കൂടി ഉണ്ടാക്കാൻ തുടങ്ങി. ഞാനയാളോട് പറഞ്ഞു, നോക്കു, ഇനി ഞാൻ നിങ്ങളുടെ കാപട്യത്തെ വെളിപ്പെടുത്തുവാൻ പോകുകയാണ്. അതായത് തീയിൽ പഴുപ്പിച്ച് അതിനെ ചുറ്റികയാൽ അടിക്കും. അങ്ങിനെ അതിന്റെ യാഥാർത്ഥ്യം വെളിപ്പെടുന്നതാണ്. അപ്പോൾ സന്യാസി ലജ്ജിതനായികൊണ്ട് എന്നോട് പറഞ്ഞു, നിങ്ങൾ അങ്ങിനെ ചെയ്യരുത്. എന്റെ കള്ളി വെളിച്ചത്താകും. തുടർന്ന് ഞാൻ ആ സന്യാസിയുടെ ശിഷ്യന്മാരെ തബ്‌ലീഗ് ചെയ്യാൻ തുടങ്ങി. അതായത് അയാൾ ഏത് മാർഗ്ഗത്തിലാണോ അവരെ നയിക്കാൻ ആഗ്രഹിച്ചത് അതിൽ നിന്ന് വേർപ്പെടുത്തിക്കൊണ്ട് ദീനിനെ സംബന്ധിച്ചും, ഒരു മനുഷ്യന്റെ ബാധ്യതകളെ കുറിച്ചുമെല്ലാമുള്ള ഇസ്‌ലാമിന്റെ യഥാർത്ഥ അധ്യാപനം അവർക്ക് വെളിപ്പെടുത്താൻ തുടങ്ങി. സന്യാസിയും എല്ലാം ശ്രദ്ധയോടെ കേട്ടു കൊണ്ടിരുന്നു. ഇത് സ്വപ്നമാണ് വിവരിക്കുന്നത്. സന്യാസിയുടെ അനുയായികൾ പ്രഭാവിതരായപ്പോൾ അവർ പറഞ്ഞു. ഞങ്ങൾക്കും തീർച്ചയായും മിർസാ സാഹിബിന്റെ ഗ്രന്ഥം കേൾപ്പിച്ചിട്ട് പോകുക. പറയുന്നു, അതിന് ശേഷം ഞാൻ ആ സന്യാസിയെ അഭിസംബോധന ചെയ്ത് കൊണ്ട് പറഞ്ഞു, നോക്കു, ദൈവം മനുഷ്യന് ചില കഴിവുകൾ നൽകിയിട്ടുണ്ട്. അഥവാ മനുഷ്യൻ അതിനെ അനുവദനീയമായ രീതിയിൽ ഉപയോഗിക്കുകയാണെങ്കിൽ ഗുണപ്രദമാകുന്നു. അഥവാ ഈ കഴിവുകളെ പ്രയോഗിക്കാതിരുന്നാൽ നഷ്ടം സഹിക്കേണ്ടി വരും. ഉദാഹരണമായി ദൈവം മനുഷ്യന് കാരുണ്യം ചെയ്യുന്നതിനുള്ള കഴിവ് നൽകിയിട്ടുണ്ട്. ഒരു ദ്രോഹിക്കപ്പെട്ട വ്യക്തി കോടതിയിൽ കേസ് നൽകുകയും ദ്രോഹിക്ക് ശിക്ഷ നൽകാൻ ആഗ്രഹിക്കുകയും ചെയ്യുമ്പോൾ ആരെയെങ്കിലും ശിക്ഷിക്കുന്നത് കാരുണ്യമല്ല എന്ന് പറഞ്ഞ് ആരും സാക്ഷി പറയാതിരിക്കുകയാണെങ്കിൽ അങ്ങിനെ ചെയ്യുന്നത് അനുവദീയമാണോ? ഒരിക്കലുമല്ല. അക്രമിക്ക് എന്തായാലും ശിക്ഷ ലഭിക്കേണ്ടതാണ് അവന്റെ മേൽ ഒരു കാരുണ്യവും ഇല്ല തന്നെ.

പിന്നീട് പറയുന്നു, ഞാൻ സ്വപ്നത്തിൽ ഇങ്ങിനെ സന്യാസിയോട് പറയുന്നതായി കാണുകയാണ്, കാണുന്നതിനായി ദൈവം കണ്ണുകൾ നൽകിയിരിക്കുന്നു. അത് ഉപയോഗപ്പെടുത്തുന്നില്ലായെങ്കിൽ ഭാരിച്ച നഷ്ടവും സഹിക്കേണ്ടി വരും. നോക്കുക ! അഥവാ കർഷകൻ കണ്ണ് അടച്ചു വെക്കുകയാണെങ്കിൽ അവയെ പ്രയോജനപ്പെടുത്തിക്കൊണ്ട്

കൃഷിപ്പണി ചെയ്യുന്നില്ലായെങ്കിൽ എന്ത് സ്വസ്ഥതയാണ് ലഭിക്കുക? എന്റെ ഈ ഉദാഹരണം കേട്ടപ്പോൾ ആ സന്യാസിയുടെ ഉത്തരവാദിത്വപ്പെട്ട അനുയായി അനിയന്ത്രിതമായി പറഞ്ഞു. ദൈവം മനുഷ്യന് സന്താനോൽപാദനത്തിനായി നൽകിയിട്ടുള്ള കഴിവിനെ ഉപയോഗിക്കുന്നില്ലായെങ്കിൽ സ്നേഹനിധികളായ കുട്ടികൾ എങ്ങനെ ജനിക്കും? പിന്നീട് ഞാൻ സന്യാസിയുടെ ശിഷ്യന്മാരെ അഭിസംബോധന ചെയ്തു കൊണ്ട് പറഞ്ഞു, നോക്കൂ നിങ്ങളെ ഉപദേശിക്കുന്ന ഈ സന്യാസിയുടെ മാതാപിതാക്കൾ ശാരീരികമായി ബന്ധപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ എങ്ങിനെയാണ് ഇയാൾ ജനിക്കുക? ഈ തെളിവ് കേട്ടപ്പോൾ സന്യാസി പ്രഭാവിതനായി കൊണ്ട് പറയാൻ തുടങ്ങി, പൂർവ്വികന്മാർ ഈ മാർഗ്ഗത്തെ നല്ലതായി മനസ്സിലാക്കി. ഈ തെളിവുകളിൽ ആരും ചിന്തിച്ചില്ല. എന്നാൽ മിർസാ സാഹിബ് എല്ലാ തിന്മകളേയും ഖണ്ഡിക്കുകയുണ്ടായി. എല്ലാ അസത്യങ്ങളേയും തെറ്റായി സ്ഥാപിച്ചു, വെളിപ്പെടുത്തി കാണിച്ചു, നിഷ്പ്രഭമാക്കി. പിന്നീട് ഞാൻ പറഞ്ഞു, ഈ മാർഗ്ഗം മൃഗങ്ങളിൽ നടപ്പിലാക്കുകയാണെങ്കിൽ വാഹനമായിട്ടുപയോഗിക്കുന്ന മൃഗങ്ങളും പാലിനും, കൃഷിക്കും ഉപയോഗിക്കുന്ന മൃഗങ്ങളുമൊക്കെ എങ്ങനെയുണ്ടാകും ? അപ്രകാരം മനുഷ്യ സൃഷ്ടിപ്പിന്റെ ലക്ഷ്യമായ **വമാ ഖലക്ത്തുൽ ജിന്ന വൽ ഇൻസ** പാഴായിപ്പോകുന്നതാണ്. നബിമാരുടേയും അവതാരങ്ങളുടേയും ആഗമനശൃംഘല നിലച്ചുപോകുന്നതാണ്. അവർ മുഖേനയാണ്. ജനങ്ങൾ മോക്ഷം കരസ്ഥമാക്കുന്നത്. ഞാനിത് പറഞ്ഞു കഴിഞ്ഞപ്പോൾ സ്വപ്നത്തിൽ തന്നെ ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ)നെ ദർസ് നൽകുന്നതായി കാണുന്നു. അദ്ദേഹം എന്നിലേക്ക് ചൂണ്ടിക്കാണിച്ചു കൊണ്ട് പറഞ്ഞു. എന്നിൽ നിന്നും ഖുർആനിക ജ്ഞാനം പഠിക്കുന്ന നിങ്ങൾ ബ്രഹ്മചര്യം പ്രായോഗികമാക്കിയിരുന്നുവെങ്കിൽ ഈ അവസരം എപ്രകാരമാണ് ലഭിക്കുക? ഇത്തരത്തിൽ ബ്രഹ്മചര്യം സ്വീകരിക്കുന്നവർ സ്വയം തങ്ങളെ വലിയ പദവിയിൽ എത്തിയവരായി ഗണിക്കുന്നു. സ്വപ്നത്തിലാണ് അല്ലാഹു അദ്ദേഹത്തിന് ഇത് പറഞ്ഞു കൊടുത്തത്. ഉണർന്നു കഴിഞ്ഞപ്പോൾ സന്യാസിക്ക് പിടിപ്പെട്ടിരിക്കുന്ന കുഷ്ഠവും പ്രകൃതിനിയമത്തിൽ നിന്ന് അകന്നതിന്റെ ഫലമായിട്ടാണ് ഉണ്ടായത് എന്നെനിക്ക് തോന്നി. അതുപോലെ അല്ലാഹുവിന്റെ നിയമത്തിനെതിരിൽ പ്രകൃതിവിരുദ്ധമായ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഇപ്പോൾ ഇത്തരത്തിലുള്ള സംഘടനകളും രൂപപ്പെട്ടിട്ടുണ്ട്. പാർലമെന്റും നിയമനിർമാണ വിഭാഗവും അതിനായി നിയമങ്ങൾ ഉണ്ടാക്കികൊണ്ടിരിക്കുന്നു. അപ്പോൾ അല്ലാഹുവിന്റെ നിയമം നടപ്പിൽ വരികയും അത് സമുദായങ്ങളുടെ നാശത്തിന് ഹേതുവായിത്തീരുകയും ചെയ്യുന്നു. ഭൗതികർ എല്ലാ പ്രകൃതിവിരുദ്ധ പ്രവർത്തനങ്ങളേയും തങ്ങളുടെ ഭാഗമാക്കി മാറ്റാൻ ആഗ്രഹിക്കുന്നു. അതിനാൽ അതിന്റെ ഭാഗമാകാതിരിക്കുന്നതിനായി ഇപ്പോൾ ലോകത്തിന്റെ ഭൂരിഭാഗം രാഷ്ട്രങ്ങളിലും വ്യാപിച്ചിട്ടുള്ള അഹ്മദികൾ ധാരാളമായി ഇസ്തിഗ്ഫാർ ചെയ്യേണ്ടതുണ്ട്.

അബ്ദുല്ലാഹ് സാഹിബിന്റെ മകനായ ഹദ്റത് അബ്ദുസത്താർ സാഹിബ്, 1892 ലാണ് അദ്ദേഹം ബയ്അത്ത് ചെയ്തത്. പറയുന്നു, എന്റെ ഭാര്യ ഒരു സ്വപ്നം കേൾപ്പിച്ചു. എനിക്ക് ഹദ്റത് സാഹിബ് 2 രൂപ നൽകിയിരിക്കുന്നു. കേസ് ജയിച്ചപ്പോൾ ഹദ്റത് സാഹിബ് എനിക്ക് 2 രൂപ നൽകുകയും അങ്ങിനെ സ്വപ്നം പുലരുകയും ചെയ്തു. ഞാൻ ആ 2 രൂപ എന്റെ ഭാര്യക്ക് നൽകി സ്വപ്നം പൂർത്തിയാക്കി.

ഹദ്റത് അമീർഖാൻ സാഹിബിന്റെ ഒരു നിവേദനമാണ്. പറയുന്നു, 1905 ജൂണ് 1 ന് സ്വപ്നത്തിൽ അദ്ദേഹം ഒരു ശുദ്ധ ജലത്തിൽ മീൻ പിടിക്കുന്നതായി കണ്ടു. അന്നേരം ഒരു കൊടുങ്കാറ്റ് വന്നു. അത് അൽപം ശമിച്ചപ്പോൾ ഭൂകമ്പത്താൽ ഭൂമി കുലുങ്ങാൻ തുടങ്ങി. ഭൂമി കുലുങ്ങുന്നതായി കണ്ട് അദ്ദേഹം സുജൂദ് ചെയ്യാൻ തുടങ്ങി. സുജൂദിൽ **യാഹയ്യു യാ ഖയ്യൂമു ബിറഹ്മതിക അസ്തഗീസു** എന്ന് ചൊല്ലാൻ തുടങ്ങി. അപ്പോൾ മറ്റൊരു ഭൂകമ്പം ഉണ്ടായി. ഇത് നിസാര ഭൂകമ്പമാണ് ശക്തമായ ഭൂകമ്പം വന്നില്ല എന്ന് ജനങ്ങൾ പറയാൻ തുടങ്ങി. അവർ അങ്ങിനെ പറയാൻ തുടങ്ങിയപ്പോൾ എന്റെ മനസ്സിൽ തോന്നിപ്പിച്ചു, ഇപ്പോൾ നീയും സുജൂദിൽ പറയുക ഭൂകമ്പം വരുന്നു. അതിനു ശേഷം കനത്ത നാശനഷ്ടമുണ്ടാക്കിയ ശക്തമായ ഭൂകമ്പം ഉണ്ടായി. 1905 ജൂണിലെ സ്വപ്നമാണ് വിവരിക്കുന്നത്. കാങ്കഡയിൽ വന്ന ശക്തമായ ഭൂകമ്പം ഏപ്രിലിലാണ് ഉണ്ടായത്. അതിന് ശേഷവും ഭൂകമ്പങ്ങൾ ഉണ്ടായിട്ടുണ്ട്. ഭാവിയിൽ സംഭവിക്കാനിരിക്കുന്ന ഭൂകമ്പത്തെ കുറിച്ചായിരിക്കാം അദ്ദേഹത്തിന് അറിയിപ്പ് നൽകിയത്. ലോകമഹായുദ്ധത്തെ കുറിച്ചുള്ള സൂചനയുമാകാം. എന്തായാലും ഇത് നൽകുന്ന ഒരു പാഠം, ഒരു ഭൂകമ്പം കാണുമ്പോൾ അല്ലെങ്കിൽ വിപത്ത് കാണുമ്പോൾ മനുഷ്യൻ അശ്രദ്ധനാകരുത്, മറിച്ച് അല്ലാഹുവിന്റെ മുമ്പിൽ തലകുനിച്ചു നിൽക്കുന്നവരാകണം. അത് ശീലമാക്കണം. അപ്പോഴാണ് വിപത്തുകളിൽ നിന്ന് രക്ഷ ലഭിക്കുക. കാരണം ഇത് ഹദ്റത് മസീഹ് മൗഊദ് (അ)ന്റെ കാലഘട്ടമാണ്. ഇതിൽ ഭൂകമ്പങ്ങളെകുറിച്ചും വിപത്തുകളെ കുറിച്ചുമുള്ള അനവധി പ്രവചനങ്ങളുണ്ട്. അതിനാൽ അല്ലാഹുവിന് മുന്നിൽ എപ്പോഴും തല കുനിക്കുന്നവരായിരിക്കണം എന്ന സൂചന ഇത് നൽകുന്നു. ഒരിക്കലും അശ്രദ്ധരാകരുത്.

പിന്നീട് അമീർഖാൻ സാഹിബ് തന്നെ പറയുന്നു, 1905 മെയ് 29 ന് ഞാനൊരു സ്വപ്നം കണ്ടു. അതിൽ പേമാരിയും കൊടുങ്കാറ്റുമുണ്ട്. അതു കണ്ട് ആ വൃക്ഷം തങ്ങളുടെ മേൽ പതിക്കുമോ എന്ന ഭയത്താൽ ജനങ്ങൾ വൃക്ഷത്തണലിൽ നിന്ന് തുറന്നസ്ഥലത്തേക്ക് ഓടി. എന്നാൽ സാധുക്കളും അഗതികളും വൃക്ഷത്തണലിനെ ആശ്രയിച്ചു. തുറന്ന സ്ഥലത്ത് നിന്ന് ഓടി വൃക്ഷച്ചുവട്ടിൽ വന്നു നിന്നു. ആ സാധുക്കൾ വൃക്ഷത്തണലിൽ ആശ്രയം തേടിയപ്പോൾ കൊടുങ്കാറ്റിനാൽ തുറന്ന സ്ഥലത്തുള്ളവർ നശിച്ചു. അപ്പോൾ എന്റെ നാവിൽ ഈ വാക്കുകൾ വന്നു, ആരുടെ പര്യവസാനമാണൊ ഇത്തരത്തിലുള്ളത് അവർ നശിച്ചു. പൊതുവിൽ കാണാൻ സാധിക്കുന്നത് ധനികരെ അപേക്ഷിച്ച് പ്രവാചകന്മാരെ വിശ്വാസിക്കുകയും അവരുടെ തണലിൽ വരാൻ ശ്രമിക്കുന്നതും സാധുക്കളാണ് എന്നാണ്.

ഹദ്റത് അമീർഖാൻ സാഹിബ് പറയുന്നു, 1905 ജൂണ് 25 ന് ഞാൻ ഹദ്റത് മസീഹ് മൗഊദ് (അ) നെ സ്വപ്നത്തിൽ എന്റെ ഹരാനയിലുള്ള ഭവനത്തിൽ ആരാധന നിർവഹിക്കുന്നതായി കണ്ടു. അദ്ദേഹം ആരാധന നിർവഹിച്ചു കഴിഞ്ഞപ്പോൾ കുതിരപ്പുറത്ത് കയറി യാത്രയായി. അൽപം ദൂരം എത്തിയപ്പോൾ പറഞ്ഞു. ആരെങ്കിലുമുണ്ടോ? മൗലവി സാഹിബിനോട് - ഖലീഫ അവ്വലിനോട്- വേഗത്തിൽ തയ്യാറാകാൻ പറയുക. ഈ കത്ത് മൗലവി സാഹിബിന് നൽകുക. കത്തിൽ ഇന്ന വസ്തുവും ഖൈറാത്തിന്റെ പണവും കൂടെ കൊണ്ടു വരിക എന്നായിരുന്നു എഴുതിയിരുന്നതെന്ന് തോന്നുന്നു. അപ്പോൾ ഞാൻ ഉണർത്തി, ഹുസൂർ, ഞാൻ സന്നിഹിതനാണ്. വേഗത്തിൽ ഹുസൂറിൽ നിന്ന് കത്ത് വാങ്ങി മൗലവി സാഹിബിന് കൊടുത്തു. ഞങ്ങൾ പരിശുദ്ധ മക്കയിൽ എത്തിയപ്പോൾ - യാത്ര തുടരുകയാണ്, മക്കയിലേകാണ് പോകുന്നത്- മക്കയിൽ എത്തിയപ്പോൾ അവിടെ ചെറിയ ചെറിയ കുന്നുകൾ കണ്ടു. അത് കല്ലുകളും പാറകളും ചുണ്ണാമ്പുകളും നിറഞ്ഞതാണ്. കല്ലുകളുടെയും പാറകളുടെയും ചുണ്ണാമ്പുകളുടേയും ഇടയിലൂടെ ഒഴുകുന്ന ശുദ്ധജലത്തിന്റെ ചെറിയ ചെറിയ കനാലുകളുമുണ്ടായിരുന്നു. അതു കണ്ടപ്പോൾ ഇത്തരത്തിൽ വെള്ളം ഒഴുകുന്നത് അല്ലാഹിവിന്റെ അനുഗ്രഹമാണെന്ന് തോന്നി. അഥവാ ഈ കനാലുകൾ ഭൂകമ്പത്താൽ ഛിന്നഭിന്നമാകുകയാണെങ്കിൽ വെള്ളം മലിനമാകും. ഇതിന്റെ യഥാർത്ഥ വ്യാഖ്യാനം അല്ലാഹു

വിനാണ് നന്നായി അറിയുക. ഏതായാലും, നബി (സ) യുടെ സത്യ പ്രേമിയും ദാസനും മുഖേന വീണ്ടും ഇസ്‌ലാമിന്റെ യഥാർത്ഥവും, പരിശുദ്ധവും, മനസ്സിനെയും ഹൃദയങ്ങളേയും ശുദ്ധീകരിക്കുന്ന അദ്ധ്യാപനങ്ങളിലൂടെ ലോകത്തേയും ശുദ്ധീകരിക്കാൻ ശ്രമിക്കുന്നതാണ് എന്നതാണ് അതിലുള്ള ഒരു സൂചന. ഖിലാഫത്തിന്റെ സംവിധാനത്തിന് കീഴിൽ ഈ അനുഗ്രഹം നിലനിൽക്കുന്നതാണ്. വിവിധ സമുദായങ്ങൾ ഇതിൽ നിന്ന് വെള്ളം കുടിക്കുകയും പ്രയോജനമെടുക്കുകയും ചെയ്യുന്നതാണ്. ഇൻശാ അല്ലാഹ്.

ഹദ്റത് അമീർ ഖാൻ സാഹിബ് പറയുന്നു, ഹദ്റത് ഖലീഫ അവ്വലിന്റെ വഫാത്തിന് ഏതാനും ദിവസങ്ങൾ മുമ്പ് ഞാൻ സ്വപ്നത്തിൽ സൂര്യ ഗ്രഹണം കണ്ടു. അതിന്റെ വ്യാഖ്യാനം ഞാൻ അദ്ദേഹത്തിന്റെ മരണമായാണ് നൽകിയത്. പിന്നീട് അദ്ദേഹം എഴുതുന്നു, 1938 ജനുവരി 12 ന്റേയും 13 ന്റേയുംമദ്ധ്യ രാത്രിയിൽ ഞാൻ ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) നെ കണ്ടു. അദ്ദേഹം ഏതാനും അനുയായികളുമായി അവരുടെ സംരക്ഷകനായി നിന്ന് കൊണ്ട് ദു:ആ ചെയ്യുകയായിരുന്നു. എന്നാൽ നഗ്നപാദനായിരുന്നു. ചൗധരി ഫത്തഹ് മുഹമ്മദ് സാഹിബ് അദ്ദേഹത്തോടൊപ്പമുണ്ട്. ജനുവരി 13 ന് അദ്ദേഹം മസ്ജിദ് മുബാറക്കിൽ ഏതാനും അനുയായികളോടൊപ്പം സാഹിബ് സാദ മിർസാ അസീസ് അഹ്മദ് സാഹിബിന് വേണ്ടി ദു:ആ ചെയ്തു. ഹുസൂറിന്റെ ഈ ദു:ആയെ സംബന്ധിച്ചുള്ള അറിയിപ്പ് ദു:ആ ക്ക് മുമ്പായി ചൗധരി ഫത്തഹ് മുഹമ്മദ് സാഹിബ് ആണ് മസ്ജിദ് മുബാറക്കിൽ നടത്തിയത്.

പിന്നീട് അദ്ദേഹം എഴുതുന്നു, 1912 സെപ്തംബറിൽ ഞാൻ ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ)നെ മറ്റ് ചിലവ്യക്തികളോടൊപ്പം സ്വപ്നത്തിൽ കണ്ടു. ഹുസൂർ പറയുന്നു, നിഷേധികൾ നബി കരീം (സ) ക്ക് മേൽ അസഭ്യം പുലമ്പുന്നതിൽ അതിർ ലംഘിക്കുകയും, നാം സമാധാനത്തിൽ കഴിയുകയും ചെയ്യുക എന്നത് നമുക്ക് അസഹ്യമാണ്. ഈ നിഷേധികൾ അസഭ്യം പുലമ്പുന്നതിനു മുമ്പു തന്നെ നാശമടയട്ടെ എന്നാണ് നാം ആഗ്രഹിക്കുന്നത്. പറയുന്നു, പിന്നീട് ഞാൻ സ്വപ്നം ഖലീഫ അവ്വലിന് കേൾപ്പിച്ചപ്പോൾ ഹുസൂർ പറഞ്ഞു, വളരെ അനുഗ്രഹീതമായ സ്വപ്നമാകുന്നു. വീണ്ടും അദ്ദേഹം എഴുതുന്നു. 1913 ഫെബ്രുവരി 20 ന് രാത്രിയിൽ സ്വപ്നത്തിൽ ഹദ്റത് ഖാലിദ് ഇബ്നു വലീദ്, സറാർ ഇബ്നു അസ്ഗർ, എന്നിവരെ കയ്യിൽ വാളുമായി കണ്ടു. അവർ വിജയങ്ങൾക്കു മേൽ കൈവരിച്ചു കൊണ്ടിരിക്കുകയാണ്. എന്നല്ല, അധികം പേരും സ്വയം അവരുടെ മുന്നിൽ ആയുധം വെച്ച് കീഴടങ്ങുകയാണ്. അവസാനം യസീദും ആയുധം വെച്ച് കീഴടങ്ങി അവരോടൊപ്പം ചേർന്നു.

മിർസാ മുഹമ്മദ് ജലാലുദ്ദീൻ സാഹിബിന്റെ മകനായ ഹദ്റത് മിർസാ മുഹമ്മദ് അഫ്സൽ സാഹിബ് ജഹ്‌ലും യാത്രയെ സംബന്ധിച്ച് പറയുന്നു, 1895 ലാണ് അദ്ദേഹം ബയ്അത്ത് ചെയ്തത്. 1903 ൽ ഹദ്റത് മസീഹ് മൗഊദ് (അ) ജഹ്‌ലുമിൽ ആഗതനായപ്പോൾ ഞാനവിടെ ചെന്നു. വളരെ വലിയ ജനക്കൂട്ടമായിരുന്നു. ചിലരുടെ ചോദ്യത്തിനു മറുപടിയായി ഹുസൂർ പറഞ്ഞു, ഇത് അല്ലാഹുവിന്റെ പ്രകാശമാകുന്നു.- അതായത് അഹ്മദിയ്യാ ജമാഅത്ത്- ജനങ്ങളുടെ ഊത്ത് കൊണ്ട് അണയുന്നതല്ല. ഈ യാത്രയിൽ ഹദ്റത് സാഹിബ് സാദാ അബ്ദുൽ ലത്തീഫ് സാഹിബ് ശഹീദ് മർഹൂം പറഞ്ഞത്, അല്ലാഹു എന്നോട് മൂന്ന് തവണ തല നൽകുവാനായി പറഞ്ഞു എന്നാണ്.

പിന്നീട് അമീർഖാൻ സാഹിബ് എഴുതുന്നു, 1913 ഡിസംബർ 6 ലെ രാത്രിയിൽ ഞാൻ ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വലിനെ സ്വപ്നത്തിൽ കണ്ടു. അദ്ദേഹത്തിന്റെ കയ്യിൽ ഒരു വടിയുണ്ട്. ഇരുണ്ട നിറമുള്ള എരുമ കുത്തുന്നതിനായി ഹുസൂറിനു നേരെ പാഞ്ഞടുക്കുകയാണ്. എന്നാൽ വടിയെ പേടിച്ചു കൊണ്ട് ഹുസൂറിന്റെ പിന്നിലേക്ക് മാറാൻ തുടങ്ങി. അവസാനം ഹുസൂർ സീലുണ്ടാക്കുന്ന ഒരു കടയിലെത്തി. അവിടെയിരുന്നു സീലുണ്ടാക്കുന്ന വ്യക്തിയിൽ നിന്ന് ഖിലാഫത്തിന്റെ വ്യാജ സീലുണ്ടാക്കാൻ മറ്റൊരു വ്യക്തി ശ്രമിക്കുന്നുണ്ടായിരുന്നു. അയാൾ ആ കടയിലുണ്ടായിരുന്ന സമയത്ത് തന്നെ ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ ആ കടയിലെത്തി. കടക്കാരൻ എന്നോട് ചോദിച്ചു. മൗലവി നൂറുദ്ദീൻ സാഹിബ് ഇത് തന്നെയാണോ? അതെ, അദ്ദേഹം തന്നെയാണ് എന്ന് ഞാൻ മറുപടി പറഞ്ഞപ്പോൾ ആ കടക്കാരൻ പെട്ടെന്ന് സീലുണ്ടാക്കാൻ വന്ന ആളെ പിടികൂടി. ഹദ്റത് ഖലീഫ അവ്വൽ ആ ഹാളിനുള്ളിൽ പ്രവേശിച്ചു. കടക്കാരൻ സുന്ദരനും പ്രതാപമുള്ളയാളും സൽപ്രകൃതക്കാരനുമായിരുന്നു. അദ്ദേഹം ഹദ്റത് സാഹിബിന് വളരെ അധികം ആദരവ് നൽകി. പിന്നീട് ഹുസൂർ ആ കെട്ടിടത്തിൽ നിന്ന് പുറത്തു കടന്നപ്പോൾ അദ്ദേഹത്തിന് ചുറ്റും ധാരാളം ആളുകൾ ഒരുമിച്ച് കൂടിയിരുന്നു. അന്നേരം വ്യാജ സീലുകൾ ഉണ്ടാക്കാൻ വന്നയാൾ ആൾകൂട്ടത്തിൽ നിന്നും പുറത്ത് കടന്ന് ഓടി മറഞ്ഞു. ധാരാളം അന്വേഷിച്ചു. എങ്ങും കിട്ടിയില്ല. ഞാൻ പറന്നു നടന്നു അയാളെ അന്വേഷിച്ചു. എന്നാൽ എവിടേയും കാണാൻ കഴിഞ്ഞില്ല. സ്വപ്നത്തിൽ തന്നെ സ്വയം ഇതിന്റെ വ്യാഖ്യാനമായി പറയുന്നു, ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ ദീർഘകാല രോഗവും, ശുദ്ധ വായുവും ജലവും ലഭിക്കുന്നതിനായി നവാബ് സാഹിബിന്റെ ബംഗ്ലാവിലേക്ക് പോകുന്നതും, മൗലവി മുഹമ്മദ് അലി സാഹിബ് അദ്ദേഹത്തിന്റെ ജീവിതകാലത്ത് തന്നെ ഖിലാഫത്തിനെതിരിൽ നോട്ടീസ് പ്രസിദ്ധീകരിക്കുന്നതും, പിന്നീട് ഹുസൂറിന്റെ ജനാസയിൽ അനവധി വ്യക്തികൾ ഒരുമിച്ച് കൂടിയതും, മൗലവി മുഹമ്മദലി സാഹിബ് ഖാദിയാൻ ഉപേക്ഷിക്കുന്നതും ഈ സ്വപ്നത്തിന്റെ വ്യാഖ്യാനമായി അക്ഷരം പ്രതി പുലരുകയുണ്ടായി.

അദ്ദേഹം പറയുന്നു, 1914 മാർച്ച് 13 ലെ രാത്രിയിൽ ഞാൻ സ്വപ്നത്തിൽ ഒരു തേൻ കൂട് കണ്ടു. അതിൽ നിന്ന് തേൻ ഒഴുകുന്നുണ്ടായിരുന്നു. അതിനെ ഞങ്ങൾ പാത്രത്തിൽ നിറക്കുകയാണ്. അതിനു ശേഷം ഹദ്റത് ഖലീഫ അവ്വൽ പറഞ്ഞു, എന്റെ ജനാസ ശേർ അലി സഹിബാണ് കുളിപ്പിക്കേണ്ടത്. അദ്ദേഹം എന്റെ സദ്‌വൃത്തനായ സഹോദരനാണ്. അങ്ങിനെ ഞാൻ ഈ സ്വപ്നം ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) ന്റെ പക്കൽ യഥാസമയം വിവരിച്ചു. ശേർ അലി സാഹിബ് തന്നെയാണ് ഹദ്റത് ഖലീഫ അവ്വലിന്റെ ജനാസ കുളിപ്പിച്ചത്. എന്നാൽ എന്റെ സ്വപ്നം കാരണത്താലാണോ അതോ മറ്റെന്തെങ്കിലും കാരണത്താലാണോ എന്നെനിക്കറിയുകയില്ല. എന്തായാലും കുളിപ്പിച്ചത് മൗലവി സാഹിബ് തന്നെയായിരുന്നു. അങ്ങിനെ എന്റെ സ്വപ്നം പൂർത്തിയായി.

മുസ്തഖീം സാഹിബിന്റെ മകനായ ഹദ്റത്ത് ഖൈർ ദീൻ സാഹിബ്, 1906 ലാണ് അദ്ദേഹം ബൈഅത്ത് ചെയ്തത് പറയുന്നു, നമ്മുടെ പ്രിയങ്കരനായ മസീഹ് മൗഊദ് (അ) തന്റെ യഥാർത്ഥ നാഥനിലേക്ക് മടങ്ങിയപ്പോൾ ഒന്നാം ഖിലാഫത്ത് ആരംഭിച്ചു. അല്ലാഹു ഈ ഖിലാഫത്ത് മുഖേന എന്നിൽ സ്ഥാപിതമാക്കിയത് ഇതാണ്. ഒരിക്കൽ സ്വപ്നത്തിൽ വളരെ മനോഹരമായ ഒരു രാജകീയ കുതിരയെ പൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. അതിന്റെ നിറം ഗോതമ്പിന്റെയിരുന്നു. ആ കുതിരയുടെ അടുത്ത് ഒരു കട്ടിലുണ്ട്. അതിൽ കിടക്ക വിരിച്ചിട്ടുണ്ട്. തലയണയും മറ്റും വെച്ചിട്ടുണ്ട്. സ്വപ്നത്തിൽ കൊടുങ്കാറ്റടിച്ചതായി തോന്നി. ചൂടുള്ള കൊടുങ്കാറ്റ്. വേനൽക്കാലത്ത് പൊതുവിൽ രാത്രി സമയത്ത് അടിക്കാറുള്ള കാറ്റ് പോലെ. ഇന്ത്യയിലും പാകിസ്ഥാനിലും ഉള്ളവർക്ക് രാത്രി അടിക്കുന്ന കാറ്റിനെ പറ്റി അറിയാം. മണ്ണും ചെറിയ കല്ലുകളും കമ്പുകളും മറ്റു പറന്നു വീഴുന്നു. പുറത്ത് കിടന്നുറങ്ങാറുള്ളവർക്ക് അറിയാം. ആ കിടക്കയെ ഞാൻ വൃത്തിയാക്കുകയാണ്. ആ കിടക്ക ഹദ്റത്ത് ഖലീഫത്തുൽ മസീഹ്

അവ്വൽ (റ) ന്റെതാണെന്ന് തോന്നുന്നു. ഈ സംഭവങ്ങളെല്ലാം ഞാൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിനെ കേൾപ്പിച്ചു. അദ്ദേഹത്തിന് ലഭിച്ചതിൽ നിന്ന് ഒരു ഭാഗം താങ്കൾക്കും ലഭിച്ചു എന്നാണ് അതിന്റെ വ്യാഖ്യാനമായി അദ്ദേഹം പറഞ്ഞത്. ഹദ്റത്ത് അല്ലദത്താ സാഹിബ് ഹെഡ്മാസ്റ്റർ, അദ്ദേഹം അബ്ദുസ്സത്താർ സാഹിബിന്റെ മകനാണ്. 1898 ലാണ് അദ്ദേഹം ബയ്അത്ത് ചെയ്തത് പറയുന്നു, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ന്റെ അനുഗ്രഹീത കാലഘട്ടത്തിൽ എനിക്ക് വളരെ മനോഹരമായ ഒരു ദൃശ്യം കാണിക്കപ്പെട്ടു. അത് യഥാർത്ഥത്തിൽ എന്റെ ജീവിത്തിലെ വ്യത്യസ്ഥ അവസ്ഥകളുടെ സുവാർത്തയായിരുന്നു. അതായത് ഹജ്ജ് ദിവസത്തിൽ തഹജ്ജുദിന്റെ സമയത്ത് ഞാൻ കാണുന്നു, രണ്ട് വ്യക്തികൾ പരസ്പരം സംസാരിക്കുന്നു. ഒരാൾ പറയുന്നു, അവിടെ നിന്ന് റസൂൽ തിരുമേനി (സ) യുടെ സ്നേഹിതരുടെ രൂപം കാണുന്നു. അയാൾ പറഞ്ഞു, ജഹ്ലുമിൽ നിന്ന് കാണുന്നു. പിന്നീട് അയാൾ പറഞ്ഞു, നോക്കു. ഞാൻ നോക്കിയപ്പോൾ ഒരു ചില്ലു കൊട്ടാരം ആണ്. അതിന്റെ ചില്ലുകൾ കറുത്തതാണ്. അപ്പോൾ അത് തുറന്നു. അതിനകത്ത് നബി (സ) യുടെ നാല് സ്നേഹിതരും കസേരയിൽ ഇരിക്കുന്നു. അതായത്, നാല് ഖലീഫമാരും. വളരെ മനോഹരമായ ദൃശ്യമായിരുന്നു. ആ ദൃശ്യം മറഞ്ഞപ്പോൾ ഹദ്റത്ത് അബൂബക്കർ സിദ്ദീഖിനെ കണ്ടു. ആ ദൃശ്യം ഞാൻ കണ്ണും മനസ്സും നിറയെ കണ്ടു. അബൂബക്കർ സിദ്ധീഖ് തന്റെ മുഖം നല്ലതുപോലെ കാണിച്ചിരുന്നു. അപ്പോൾ അത് തികച്ചും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ന്റെ രൂപമായിരുന്നു. ഇത് ഖലീഫത്തുൽ മസീഹാണെന്ന ചിന്ത മനസ്സിൽ വന്നപ്പോൾ വെളിപാടുണ്ടായി, അബൂബക്കർ നൂറുദ്ദീന്റെ രൂപത്തിലാണ്. ഏതു വരെ നൂറുദ്ദീനെ കാണുന്നില്ലയോ, അസ്ഹാബ് മരിക്കുന്നതല്ല. ഞാൻ ഖലീഫാ അവ്വലിന് എഴുതിയപ്പോൾ മറുപടിയായി പറഞ്ഞു, സുവാർത്തയിൽ നിന്നുള്ള താങ്കളുടെ സത്യ സ്വപ്നമാണിത്. ഇത്തരത്തിൽ വിവിധ സന്ദർഭങ്ങളിലായി സുവാർത്ത എനിക്ക് ലഭിച്ചുകൊണ്ടിരിക്കുന്നു.അതിൽ പെട്ട് ഒന്ന് ഇപ്രകാരമാണ്.

**അമൻ അസ്തർ മകാനെ മുഹബ്ബത്ത് സറയെ മാം**

ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഒരു ഇൽഹാമാണിത്. അതായത്, നമ്മുടെ സ്നേഹത്തിന്റെ ഭവനത്തിൽ വസിക്കുന്നവർക്കായി സമാധാനമുണ്ട്.

മസീഹ് മൗഊദ് (അ) ന്റെ ഈ പദ്യശകലവും, ഇതും തനിക്ക് വെളിപാടായി ലഭിച്ചു എന്നദ്ദേഹം പറയുന്നു.

**അബ് ഗയാ വഖ്തെ ഖിസാം ആയെ ഹെ ഫൽ ആനെ കെ ദിൻ**
**ഖുദാകെ പാക് ലോഗോം കൊ ഖുദാ സെ നുസ്റത് ആതീഹെ**
**ജബ് ആതീഹെ തോ ആലം കോ ഇക് ആലം ദിക്കാതീഹെ**

(ഹേമന്ത കാലം കഴിഞ്ഞു പോയി, ഫലങ്ങൾ ലഭിക്കുന്ന ദിനം വന്നെത്തി. ദൈവത്തിന്റെ വിശുദ്ധരായവർക്ക് ദൈവത്തിൽനിന്ന് സഹായം ലഭിക്കുന്നു, അത് ലഭിക്കുമ്പോൾ ലോകത്തെ മറ്റൊരു ലോകമാക്കി കാണിക്കുന്നു.)

ജമാഅത്തിന്റെ പുരോഗതിയെ സംബന്ധിച്ചുള്ള സുവാർത്തകൾ അല്ലാഹു ആ കാലഘട്ടത്തിലുള്ള സഹാബാക്കൾക്ക് നൽകി യിരുന്നു. പിന്നീട് പറയുന്നു, ധാരാളം സ്വപ്നങ്ങൾ ഞാൻ കണ്ടു. ഹദ്റത്ത് ഉസ്മാൻ (റ) എനിക്ക് നെയ്ച്ചോറ് നൽകി, നബി (സ) വിതരണം ചെയ്യുക എന്ന് പറഞ്ഞ് എനിക്ക് ഹൽവ നൽകി. ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ പിന്നിലും ഒന്നിച്ചും നമസ്കരിച്ചു. ഹുസൂറിന് കുടിക്കാൻ വെള്ളം നൽകി. ഹുസൂർ ഒരു കുന്നിലായിരുന്നു, ഞാൻ ഒരു കുഴിയിലും. ഹുസൂർ എന്റെ കൈ പിടിച്ച് തന്നോടൊപ്പം നിർത്തി. അതുപോലെ ഹുസൂർ പൂക്കൾ പെറുക്കുകയായിരുന്നു. ഞാനും ഹുസൂറിന് പൂക്കൾ പെറുക്കി നൽകി. പറയുന്നു, അങ്ങിനെ ഞാൻ ഹജ്ജും ചെയ്തു. പരിശുദ്ധ മക്കയെ കണ്ടു. കഅബ പ്രദക്ഷിണം വെച്ചു. പ്രദക്ഷിണത്തിനു ശേഷം ബൈത്തുല്ലായിൽ ഫലങ്ങളാൽ നിറഞ്ഞ മാങ്ങ, കാരക്ക തുടങ്ങിയവയുടെ വൃക്ഷം ഉണ്ടായി. ഇത്തരത്തിലുള്ള ദൃശ്യങ്ങൾ കണ്ടു. എന്റെ കാലഘട്ടം അവസാനിക്കാൻ പോകുന്നു എന്ന സുവാർത്തയും ലഭിച്ചു എന്നും പറഞ്ഞിട്ടുണ്ട്. ഖാളി റഹ്മത്തുല്ലാഹ് സാഹിബ് തുടങ്ങിയവ ചില സാത്വികർക്കും എന്നെ സംബന്ധിച്ചുള്ള സുവാർത്തകൾ ലഭിച്ചിട്ടുണ്ടെന്നും പറയുന്നു.

പിന്നീട് പറയുന്നു, ഹദ്റത്ത് മൗലാന ഗുലാം റസൂൽ സാഹിബ് രാജ്കി 11 മണിക്ക് എന്നെ 36 ന്റെ അവസാന നഫൽ നോമ്പിലെ തഹജ്ജുദിനെ സമയത്ത് കണ്ടു. വൈസ്രോയി ഖാദിയാനിൽ എത്തിയിരുന്നു. സന്ദർശിക്കാൻ വന്നവരിൽ നിന്ന് അഹ്മദികളെ ഞാൻ മുന്നോട്ട് മുന്നോട്ട് ആക്കി. അതായത് ഇദ്ദേഹമാണ് പരിചയപ്പെടുത്തുന്നത്. ഞാനും മൗലാനയും ഒന്നിച്ചാണ്. മൗലാന അയാളെ കൊല്ലാൻ ആഗ്രഹിക്കുന്നുവെന്ന് വൈസ്രോയി ഭയക്കുന്നു. വൈസ്രോയിയുമായി എനിക്ക് വളരെ അടുത്ത ബന്ധമാണുള്ളത്. ഞാൻ അയാൾക്ക് പാൽ നൽകിക്കൊണ്ട് പറഞ്ഞു, മൗലവി സാഹിബിൽ നിന്ന് താങ്കൾക്ക് യാതൊരു പ്രയാസവുമുണ്ടാവില്ല- ഇത് ഗുലാം റസുൽ സാഹിബ് രാജകിയുടെ സ്വപ്നമാണ്- അദ്ദേഹത്തിന്റെ ഭാഗത്ത് നിന്ന് ഞാൻ ഉത്തരവാദിയാണ്. അതുപോലെ മറ്റൊരു വ്യക്തിയും അദ്ദേഹത്തെക്കുറിച്ച് നല്ല സ്വപ്നം കാണുകയുണ്ടായി.

ശേഖ് മസീതാ സാഹിബിൻെ മകനായ ഹദ്റത്ത് ശേഖ് മുഹമ്മദ് ഇസ്മാഇൽ സാഹിബ് പറയുന്നു, 1894 ലാണ് ബയ്അത്ത് ചെയ്തത്. അല്ലയോ പ്രതാപവാനായ അല്ലാഹുവേ! നിന്റെ പേരിൽ കള്ള സത്യം ചെയ്യുന്നവർ നിന്റെ സവിധത്തിൽ വിരട്ടപ്പെട്ടവരും അപരാധിയുമാകുന്നു. ഞാൻ നിന്റെ ശക്തി പ്രകടനങ്ങളിൽ വിശ്വസിക്കുന്നു. എന്നെപ്പോലെ നിസാരനും പാപിയുമായ ഒരാളിൽ ഈ സത്യം തുറന്നു എന്നതിൽ ഞാൻ നിന്റെ അസ്ഥിത്വത്തെ പിടിച്ച് സത്യം ചെയ്യുന്നു. അഥവാ ഞാൻ കള്ള സത്യമാണ് ചെയ്യുന്നതെങ്കിൽ, ഏതെങ്കിലും വ്യാജ ഇൽഹാമോ സ്വപ്നമോ ഉണ്ടാക്കി നിന്നിലേക്ക് ചൂണ്ടിക്കാണിക്കുകയാണെങ്കിൽ എന്നെ ശിക്ഷിക്കാനും നീ ശക്തനാണ്.

ഞാൻ കാണുകയാണ് - സ്വപ്നമാണ് വിവരിക്കുന്നത്- ഒരു ഉദ്യാനത്തിൽ എല്ലാ ജമാഅത്തംഗങ്ങളുമുണ്ട്. സാധുക്കൾ ഒരു ഭാഗത്ത്. സമ്പന്നർ ഒരു ഭാഗത്ത്. സമ്പന്നർ തങ്ങളുടെ ഇമാമായി മൗലാന അബ്ദുൽ കരീം സാഹിബ് സിയാൽക്കോട്ടിയെ തിരഞ്ഞെടുത്തു. എന്നെ സാധുക്കൾ അവരുടെ നേതാവായി നിശ്ചയിച്ചു. ആദ്യ പ്രഭാഷണം മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽ കോട്ടി നടത്തുന്നതാണെന്നും തീരുമാനിച്ചു. അതിന് മറുപടി നൽകാനുള്ള ചുമതല ഈ വിനീതനെയാണ് ഏൽപ്പിച്ചത്. ഹദ്റത് മൗലാനാ സാഹിബ് തന്റെ പ്രഭാഷണത്തിൽ തന്റെ ഖിലാഫത്തിന്റെ തെളിവുകൾ നിരത്തി. ഞാനെന്റെ പ്രഭാഷണത്തിൽ ഹദ്റത് മൗലാന നൂറുദ്ദീൻ സാഹിബ് ഭൈരവിയുടെ ഖിലാഫത്തിന്റെ തെളിവുകളാണ് നൽകിയത്. ആ തെളിവുകൾ നൽകി മൗലാനയുടെ തെളിവുകളെ ഖണ്ഡിച്ചു. പിന്നീട് മൗലാന തന്റെ ഖിലാഫത്തിന്റെ തെളിവുകൾ അവതരിപ്പിച്ചു. പിന്നീട് ഞാനെന്റെ പ്രഭാഷണത്തിൽ മൗലാനയുടെ തെളിവുകളെ ഖണ്ഡിച്ചുകൊണ്ട് മൗലവി നൂറുദ്ദീൻ സാഹിബിന്റെ ഖിലാഫത്തിനുള്ള തെളിവുകൾ ഉദ്ധരിക്കാൻ തുടങ്ങിയപ്പോൾ മൗലാന സാഹിബ് 3 ചാട്ടം ചാടി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ സവിധത്തിൽ ഹാജറായിക്കൊണ്ട് ഹദ്റത്ത് എന്റെ ബയ്അത്ത് സ്വീകരിക്കുക എന്ന് പറയുകയുണ്ടായി. ഖലീഫ അവ്വൽ മൗലവി സാഹിബിൽ നിന്നും ബയ്അത്ത് വാങ്ങി. അദ്ദേഹം നിശബ്ദനായി

ഏകനായി ഒരു മാവിൽ ചാരി ഇരിക്കുകയായിരുന്നു. എന്റെ സ്വപ്ന ത്തിന് സാക്ഷികൾ ജനാബ് ശേഖ് യഅ്കൂബ് അലി സാഹിബ് ഇർഫാനി, മാസ്റ്റർ അബ്ദുറഹ്മാൻ സാഹിബ് എന്നിവരാണ്. ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) ന്റെ ജീവിത കാലത്താണ് ഈ സ്വപ്നം കണ്ടത്.

ഖിലാഫത്തിനെ സംബന്ധിച്ചുള്ള ഈ സ്വപ്നങ്ങൾ അല്ലാഹു ജമാ അത്തിൽ എപ്പോഴും കാണിച്ചുകൊണ്ടിരിക്കുന്നതാണ്. ഇത് ഇക്കാലത്തെ കാര്യം മാത്രമല്ല. ചിലർ ആരോപണം ഉന്നയിക്കാറുണ്ട്. ഖലീഫ അവ്വലിന്റെ കാലഘട്ടം മുതലുള്ള സ്വപ്നങ്ങളാണ്. ഖലീഫത്തുൽ മസീഹ് സാനി യുടെ കാലഘട്ടത്തിലും. ഏതായാലും ചില സ്വപ്നങ്ങളാണ് ഞാൻ വിവ രിച്ചത്. ഇനി ഞാൻ പറയാൻ ഉദ്ദേശിക്കുന്നത്, ഇന്ന് ഇപ്പോൾ സെറാ ല്യൂണിലും ബംഗ്ലാദേശിലും രണ്ട് രാജ്യത്തും വാർഷിക സമ്മേളനം നടക്കു കയാണ്. സെറാല്യൂണിൽ സമ്മേളനം നടന്നുകൊണ്ടിരിക്കുകയാ യിരിക്കും. ബംഗ്ലാദേശിൽ ആദ്യ ദിവസത്തെ സമ്മേളനം അവസാനിച്ചു. ബംഗ്ലാദേശിൽ അഹ്മദിയ്യത്ത് എത്തിയിട്ട് 100 വർഷം പൂർത്തിയായി. ബ്രിട്ടൻ ജമാഅത്തിനും ഈ വർഷം 100 വർഷം തികയുകയാണ്. ബ്രിട്ടൻ ജമാഅത്തും ജൂബിലി ആഘോഷപരിപാടികൾ ആസൂത്രണം ചെയ്യു ന്നുണ്ട്. ബംഗ്ലാദേശ് ജമാഅത്തും പരിപാടികൾ ആസൂത്രണം ചെയ്തു. അതിൽ കുറച്ച് പ്രാവർത്തികവുമാക്കി. വാർഷിക സമ്മേളനവും ഈ പരി പാടിയുടെ ഒരു വലിയ ഭാഗമായിരുന്നു, ആകുന്നു. അതുകൊണ്ടവർ എല്ലാ പരിപാടികളും സുഗമമായി നടക്കുന്നതിനും, താമസത്തിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കുന്നതിനും, കൂടുതലായി ആളുകൾക്ക് പങ്കെടു ക്കുന്നതിനും വേണ്ടി ഈ വർഷം ഒരു സ്റ്റേഡിയം വാടകയ്ക്കെടുത്ത് അതിൽ വിശാലമായ നിലയിൽ ജൽസയുടെ വ്യവസ്ഥിതികൾ ഒരുക്കി യിരുന്നു. . സമ്മേളനത്തിനുള്ള തയ്യാറെടുപ്പുകൾ പൂർത്തിയായിരുന്നു. മിനിഞ്ഞാന്ന് ചില നാമധാരികളായ പണ്ഡിതൻമാർ തങ്ങളുടെ അനുയാ യികളെ കൂട്ടി, മദ്രസവിദ്യാർത്ഥികളെ ഒരുമിച്ച് കൂട്ടിയായിരിക്കാം ജമാഅത്തെ ഇസ്ലാമിക്കാരായിരുന്നു. ഏകദേശം രണ്ടായിരം, മൂവായിര ത്തോളം പേർ സ്റ്റേഡിയത്തിൽ തയ്യാറാക്കിയിരുന്ന സമ്മേളന നഗരിയെ ആക്രമിക്കുകയുണ്ടായി. പോലീസ് അവിടെ തന്നെ നിൽക്കുന്നുണ്ടാ യിരുന്നു. പക്ഷെ ഒന്നും ചെയ്തില്ല. അവസാനം ഈ ഭീകരവാദികൾ, ആക്രമികൾ മിക്കവാറും എല്ലാ വസ്തുതകളും സംവിധാനങ്ങളും താറു മാറാക്കി. പിന്നീട് അത് അഗ്നിക്കിരയാക്കി. തൽഫലമായി വാടകയ്ക്കെ ടുത്തിരുന്ന കസേരകളും മേശകളും പന്തലുകളും കത്തിപ്പോയി. കോടിക്കണക്കിന് രൂപയുടെ നഷ്ടമാണുണ്ടായത്. ഇതാണ് നാമധാരി കളായ നേതാക്കൻമാരുടെ രീതി. സമ്മേളനം എന്തായാലും റദ്ദാക്കി യിട്ടില്ല, ഞാൻ പറഞ്ഞതുപോലെ സമ്മേളനം നടക്കുന്നുണ്ട്. ജമാഅ ത്തിന്റെ സ്വന്തം സ്ഥലത്താണ് നടക്കുന്നത്. ആളുകൾ കുറവാണ്, സ്ഥല പരിമിതിയുമുണ്ട്. എന്തായാലും എന്നത്തെയും പോലെ ജൽസ നടക്കു ന്നതാണ്, ഇൻശാ അല്ലാഹ്. ഈ വർഷം ധാരാളം വിദേശികൾ പ്രതിനിധി കളായി എത്തിയിട്ടുണ്ട്. അല്ലാഹു സമ്മേളനത്തിൽ പങ്കെടുക്കുന്ന എല്ലാവരെയും തന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. സമ്മേളനവും അല്ലാഹുവിന്റെ അനുഗ്രഹത്താൽ നല്ല രീതിയിൽ പര്യവസാനിക്കട്ടെ. ഈ പണ്ഡിതന്മാരുടെ അതിക്രമം അവരിലേക്ക് തന്നെ മടക്കട്ടെ. ഞാൻ പറഞ്ഞതുപോലെ വലിയ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്. അല്ലാഹു ഇത് നികത്തുമാറാകട്ടെ.

രണ്ടാമത്തെ സമ്മേളനം ഞാൻ പറഞ്ഞതുപോലെ സെറാല്യൂണിലാണ് നടക്കുന്നത്. സെറാല്യൂണിലെയും ബംഗ്ലാദേശിലെയും പണ്ഡിതന്മാരി ലുള്ള വ്യതിരിക്തത എന്തെന്നാൽ ഇവിടത്തെ ചില പണ്ഡിതന്മാർ സന്മനസ്സോടുകൂടി ജൽസയിൽ പങ്കെടുക്കുന്നുണ്ട്. നല്ല ആവേശവും സദുദ്ദേശ്യവും അവർക്കുണ്ട്. അവരിൽ കുറഞ്ഞപക്ഷം മനുഷ്യത്വമുണ്ട്. എതിർപ്പുണ്ടായിട്ട് കൂടിഅവർ നമ്മുടെ പരിപാടികളിൽ പങ്കെടുക്കാ റുണ്ട്. അല്ലാഹു അവർക്ക് അതിന്റെ പ്രതിഫലം നൽകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വാദത്തെ, സന്ദേശത്തെ മനസ്സിലാക്കുന്നതിനായി അവരുടെ ഹൃദയത്തെ കൂടുതൽ വിശാലമാക്കട്ടെ. ഏതായാലും സെറാ ല്യൂണിനു വേണ്ടിയും ദുആ ചെയ്യുക. അവരുടെ ജൽസാ എല്ലാ നില യിലും അനുഗ്രഹീതവും സഫലവുമാകട്ടെ. പങ്കെടുക്കുന്ന എല്ലാ അഹ് മദികളും മറ്റ് പ്രതിനിധികളും ജൽസയുടെ അനുഗ്രഹത്തിൽ നിന്ന് പ്രയോജനമുൾകൊള്ളുന്നവരാകട്ടെ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ സെറാല്യൂൺ ജമാഅത്തും വളരെയധികം ആത്മാർത്ഥ ജമാഅത്തു കളിൽ പെട്ട ഒരു ജമാഅത്താണ്. അല്ലാഹു അവരുടെ ആത്മാർത്ഥ തയേയും കൂറിനേയും കൂടുതൽ വളർത്തിക്കൊണ്ട് വരട്ടെ. പെട്ടെന്ന് ഈ രാജ്യവും മുഴുവൻ ആഫ്രിക്കയും അഹ്മദിയ്യത്തിന്റെ മടിത്തട്ടിൽ എത്തട്ടെ. യഥാർത്ഥ ഇസ്ലാമിന്റെ അധ്യാപനത്തിൽ പ്രവർത്തിക്കുന്ന തിനുള്ള തൗഫീഖ് എല്ലാവർക്കും ലഭിക്കട്ടെ.

ജുമുഅ നമസ്കാരത്തിന് ശേഷം ചില ജനാസ ഗാഇബ് നമസ്കരി പ്പിക്കുന്നതാണ്. ആദ്യത്തെ ജനാസ കരീഫ കുണ്ടെയുടെതാണ്. അദ്ദേഹം സെറാല്യൂണിലെ ജാമിഅ അഹ്മദിയായിലെ വിദ്യാർത്ഥിയായിരുന്നു. ജാമിആയിലെ ദർജ സാനിയായിൽ പഠിക്കുകയായിരുന്നു. ജനുവരി 31 നാണ് വഫാത്തായത് اِنَّا لِلّٰهِ وَ اِنَّآ اِلَيْهِ رٰجِعُوْنَ. വാർഷിക സമ്മേളനത്തി ന്റെ തയ്യാറെടുപ്പുകൾ നടന്നുകൊണ്ടിരിക്കുകയായിരുന്നു. ഒരുക്കങ്ങൾ ക്കിടയിൽ, വഖാറെ അമൽ ചെയ്തുകൊണ്ടിരിക്കുന്ന സമയത്ത് ഏണി പ്പടിയിൽ നിന്ന് വീണ് തലയ്ക്ക് ഗുരുതരമായി പരിക്കേൽക്കുകയു ണ്ടായി. ഉടൻ ആശുപത്രിയിലേക്കെത്തിച്ചു. ചികിത്സയിലായിരുന്നു. എക്സറേയിൽ നിന്ന് മനസ്സിലായത് തലയോട്ടിയിൽ പൊട്ട് വീണിരുന്നു എന്നാണ്. ഡോക്ടർ ഓപ്പറേഷൻ വേണമെന്ന് പറഞ്ഞിരുന്നു. അതിനായി തയ്യാറെടുക്കുകയായിരുന്നു. എന്നാൽ അതിനു മുമ്പുതന്നെ അദ്ദേഹം വഫാത്തായി اِنَّا لِلّٰهِ وَ اِنَّآ اِلَيْهِ رٰجِعُوْنَ. സെറാല്യൂണിന്റെ അയൽ രാജ്യ മായ ഗനികൊണ്ടാകൊനിയിൽ നിന്നാണ് അദ്ദേഹം ജാമിഅയിൽ എത്തി യത്. വളരെ നല്ലതും ആത്മാർത്ഥതയുള്ളതുമായ വിദ്യാർത്ഥിയായി രുന്നു. മർഹൂം കുടുംബത്തിലെ ഏക അഹ്മദിയായിരുന്നു. വഖ്ഫ് ചെയ്ത് ജാമിഅ അഹ്മദിയായിൽ പഠിക്കാൻ തീരുമാനിച്ചപ്പോൾ വീട്ടു കാർ വളരെയധികം എതിർത്തു. എന്നാൽ അദ്ദേഹം തന്റെ പ്രതിജ്ഞ യിൽ ഉറച്ചു നിന്നു. കഴിഞ്ഞ വർഷം അവധിയിൽ സെറാല്യൂണിൽ നിന്ന് ഗനിക്കൊണ്ടാകൊനിയിൽ എത്തിയപ്പോൾ അദ്ദേഹത്തിന്റെ മാതാപിതാ ക്കൾ മകനിൽ സ്പഷ്ടമായ പരിവർത്തനം കാണുകയും തൽഫലമായി അവരും ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ പ്രവേശിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ഫാസിനാ കോണ്ടെ എന്നും മാതാവിന്റെ പേര് സിവല്യൂൺ എന്നുമാകുന്നു. മുതഖിയും ജമാഅത്തി നോട് ആത്മാർത്ഥതയുമുള്ളതും ഖിലാഫത്തിനോട് അങ്ങേയറ്റം അനു രക്തിയുള്ള യുവാവായിരുന്നു. അദ്ദേഹത്തെ ഏൽപ്പിക്കുന്ന എല്ലാ ഉത്ത രവാദിത്വങ്ങളും കഴിവിനതീതമായി പൂർത്തിയാക്കാൻ ശ്രമിച്ചിരുന്നു. അദ്ദേഹത്തിന്റെ സുഹൃത്തു പറയുന്നു, മരണം എപ്പോൾ വന്നാലും അഹ് മദിയായിരിക്കണമെന്ന് ദുആ ചെയ്യുക എന്നെപ്പോഴും പറയുമായിരുന്നു.

രണ്ടാമത്തെ ജനാസ ചൗധരി ബശീർ അഹ്മദ് സാഹിബ് സറാഫ് മുൻ സദ്ർ ഹൽഖ ദസ്താക്കോട്ടിന്റേതാണ്. 2012 നവമ്പർ 24 ന് 82 -ാം വയസ്സിലാണ് വഫാത്തായത് اِنَّا لِلّٰهِ وَ اِنَّآ اِلَيْهِ رٰجِعُوْنَ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സഹാബിയായിരുന്ന അല്ലാ ദത്ത് സാഹിബ് (റ) ന്റെ പുത്ര നായിരുന്നു. അദ്ദേഹത്തിന് ഏകദേശം 61 വർഷം വിവിധ ഭാരവാഹിത്വം വഹിക്കാനുള്ള തൗഫീഖ് ലഭിച്ചു. 16 വർഷം മജ്ലിസ് ഖുദ്ദാമുൽ

അഹ്മദിയ്യാ ഖാഇദ്, 36 വർഷം സിക്രട്ടറി മാൽ, 25 വർഷം സിക്രട്ടറി റിശ്താനാതാ, 22/23 വർഷം ജമാഅത്ത് പ്രസിഡന്റ്, ഇപ്പോൾ പത്ത് വർഷമായി അമീർ ഹൽഖയുമായിരുന്നു. കൂടാതെ 40 വർഷം അദ്ദേഹം ശൂറായുടെ പ്രതിനിധിയുമായി നിയമിക്കപ്പെട്ടിരുന്നു. നമസ്കാരം, നേമ്പ് എന്നിവയിൽ കൃത്യനിഷ്ഠയും തഹജ്ജുദ് നമസ്കരിക്കുന്ന വ്യക്തിയുമായിരുന്നു. അതിഥി സൽക്കാര പ്രിയനും, ഖിലാഫത്തിനോടും ജമാഅത്ത് വ്യവസ്ഥിതിയോടും ആത്മാർത്ഥതയുള്ള വ്യക്തിയും, അസാധാരണമായ നിലയിൽ ത്യാഗം സഹിക്കുന്ന വ്യക്തിയും ആയിരുന്നു. സത്പ്രകൃതക്കാരനായിരുന്നു. മുതഖിയായിരുന്ന അദ്ദേഹത്തിന് 3 ഖലീഫമാരെ സേവിക്കുന്നതിനുള്ള തൗഫീഖ് ലഭിച്ചു. കൂടാതെ ധാരാളം സഹാബാക്കളെയും ജമാഅത്ത് ഭാരവാഹികളെയും സേവിക്കുന്നതിനുള്ള തൗഫീഖും ലഭിച്ചു. അദ്ദേഹത്തിന് ദസ്താ കോട്ടിൽ വലിയ സ്ഥലം വാങ്ങി പള്ളി പണിയുന്നതിനുള്ള തൗഫീഖും ലഭിച്ചു. വളരെ ധീരനായ വ്യക്തിയായിരുന്നു. അനഹ്മദികളും അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ പ്രഭാവിതരായിരുന്നു. 3 പ്രവശ്യം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തടവിൽ കഴിയുന്നതിനുള്ള സൗഭാഗ്യം ലഭിച്ചു. സന്തപ്ത കുടുംബാംഗങ്ങളിൽ ഭാര്യയെക്കൂടാതെ 3 പെൺമക്കളും 3 ആൺമക്കളും ഉണ്ട്. അല്ലാഹു പദവികൾ ഉയർത്തട്ടെ.

മൂന്നാമത്തെ ജനാസ ബഹുമാനപ്പെട്ട അബ്ദുൽ ഗഫ്ഫാർ ഡാർ സാഹിബിന്റേതാണ്. അദ്ദേഹം 2013 ഫെബ്രുവരി 5 നാണ് വഫാത്തായത് إِنَّا لِلَّهِ وَإِنَّا إِلَيْهِ رَاجِعُونَ. അദ്ദേഹം റാവൽ പിണ്ഡിയിലായിരുന്നു. അവസാന നിമിഷം വരെ ആരോഗ്യവാനായിരുന്നു. ഗുരുതരമായ പ്രശ്നമൊന്നുമില്ലായിരുന്നു. 97 വയസ്സായിരുന്നിട്ടും രണ്ടാം നിലയിലേക്ക് 23, 26 പടികൾ കയറി പോകുമായിരുന്നു. വഫാത്തായ ദിവസം വൈകുന്നേരം 6 മണിയോടടുത്ത് ചായ കുടിച്ച ശേഷം പറഞ്ഞു, ഭക്ഷണം കഴിക്കാൻ തോന്നുന്നില്ല. രാത്രി ഉറങ്ങാനുള്ള മരുന്ന് തന്നേക്കൂ. രാത്രി 10 മണിയോടടുത്ത് അദ്ദേഹത്തിന്റെ ചെറുമകൻ മരുന്ന് നൽകാനായി മുറിയിൽ എത്തിയപ്പോൾ ലൈറ്റ് അണച്ചിരുന്നു. മുഖം വിളറിയിരുന്നു. ശരീരത്തിൽ യാതൊരു ചലനവും ഉണ്ടായിരുന്നില്ല. ഒരു പക്ഷേ മരിച്ചിരിക്കാം. എന്തായാലും ആശുപത്രിയിൽ എത്തിച്ചു. ഡോക്ടർ പരിശോധിച്ചപ്പോൾ മരിച്ചു കഴിഞ്ഞു എന്ന് മനസ്സിലായി. 1916 ലാണ് അദ്ദേഹം ജനിച്ചത്. കശ്മീരിലെ ആസ്നൂറുമായിട്ടാണ് ബന്ധം. അദ്ദേഹത്തിന്റെ കുടുംബം കശ്മീരിലെ ആദ്യ ആത്മാർത്ഥ കുടുംബങ്ങളിൽ പെട്ടതാണ്. അദ്ദേഹത്തിന്റെ പിതാമഹൻ ഹദ്റത്ത് ഹാജി ഉമർ ഡാർ സാഹിബും പിതാവ് ഹദ്റത്ത് അബ്ദുൽ ഖാദിർ ഡാർ സാഹിബും ഹദ്റത്ത് അഖ്ദസിന്റെ സഹാബാക്കളായിരുന്നു. അതുപോലെ അദ്ദേഹത്തിന്റെ പിതൃസഹോദരൻ ഹദ്റത്ത് അബ്ദുർ റഹ്മാൻ സാഹിബും സഹാബിയായിരുന്നു. ഇദ്ദേഹത്തിന്റെ പിതാമഹന്റെ ഭാര്യാ സഹോദരീ ഭർത്താവ് മർഹൂം മുഹമ്മദ് റമദാൻ ബട്ട് സാഹിബ് സിയാൽകോട്ടിയിലെ മുഹല്ല കശ്മീരിയായിൽ താമസിക്കുകയായിരുന്നു. അല്ലാമാ ഇഖ്ബാലിന്റെ മുഹല്ലയിലെ റൂതറാം വാലി എന്നറിയപ്പെടുന്ന പള്ളിയിൽ അദ്ദേഹം വന്നു പോകാറുണ്ടായിരുന്നു. അതേ മുഹല്ലയിൽ മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടിയുടെ തബ്ലീഗിന്റെ ഫലമായി പിതാമഹൻ ഖാദിയാനിലേക്ക് യാത്ര തിരിച്ചു. ഹദ്റത്ത് മൗലവി അബ്ദുൽ കരീം സാഹിബ് മർഹൂം പിതാമഹനോട് പറഞ്ഞു, ഖാജാ സാഹിബ് താങ്കൾ താങ്കളുടെ വീട്ടിൽ നിന്ന് മഹത്തായ ദീനീ കർത്തവ്യം നിറവേറ്റുന്നതിനായിട്ടാണ് പുറപ്പെട്ടത്. ഹജ്ജിനായി പുറപ്പെട്ടതായിരുന്നു. എന്നാൽ രോഗം കാരണത്താൽ പോകാൻ കഴിഞ്ഞില്ല. പറയുന്നു, ഹദ്റത്ത് ഇമാം മഹ്ദി (അ) വെളിപ്പെട്ടു കഴിഞ്ഞു. ഹുസൂർ തിരുനബി (സ) യുടെ നിർദ്ദേശപ്രകാരം ഇമാം മഹ്ദിയെ സ്വീകരിക്കുക മാത്രമല്ല, മറിച്ച് ഹുസൂർ (സ) യിൽ നിന്നുള്ള സലാം എത്തിക്കേണ്ടതും അനിവാര്യമാണ്. അതിനാൽ താങ്കൾ ഞങ്ങളോടൊപ്പം ഖാദിയാനിലേക്ക് വരിക. ഏതൊരു സാത്വികനും വലിയുള്ളായുമാണോ ഇമാം മഹ്ദി ആണെന്ന് വാദിക്കുന്നത് അദ്ദേഹത്തെ കാണുകയും പരീക്ഷിക്കുകയും ചെയ്യാം. അങ്ങിനെ അദ്ദേഹം ഖാദിയാനിൽ എത്തി. അവർ എത്തിയപ്പോൾ പള്ളിയിൽ സഭ കൂടിയിരിക്കുകയായിരുന്നു. സഭാവാസികൾ ചോദ്യങ്ങൾ ചോദിക്കുന്നുണ്ടായിരുന്നു. ഹുസൂർ അതിന് മറുപടി പറയുന്നുണ്ടായിരുന്നു. പറയുന്നു, പിതാമഹൻ ചിന്തിച്ചു. ഇത് അക്ഷരജ്ഞാനികളുടെയും പണ്ഡിതന്മാരുടെയും സഭയാണ്. ഞാനും എന്റെ മനസ്സിൽ ഒരു ചോദ്യം ഇടുന്നതാണ്. അഥവാ അദ്ദേഹം ദൈവീക നിയോഗിതനാണെങ്കിൽ നിശ്ചയമായും എന്റെ മനസ്സിലുള്ള ചോദ്യത്തിന് ഉത്തരം പറയുന്നതാണ്. അങ്ങിനെ അദ്ദേഹം ചോദ്യം ഇട്ടു. പറയുന്നു, ചോദിക്കാതെ തന്നെ എന്റെ മനസ്സിലെ ചോദ്യത്തിന് എനിക്ക് മറുപടി മറുപടി ലഭിക്കണം. അങ്ങിനെ ചിന്തിച്ചപ്പോൾ തന്നെ ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു, ചിലർ നമസ്കരിക്കുന്നുണ്ട്, ഹജ്ജും ചെയ്യുന്നുണ്ട്, എന്നാൽ രക്തബന്ധമുള്ളവരോട് നല്ല നിലയിൽ പെരുമാറുന്നില്ല. എന്നാൽ ഇത് വ്യക്തിപരമായ നിലയിൽ ഇസ്ലാമിക ശരീഅത്തിനും തഖ്വക്കും വിരുദ്ധമായ കാര്യമാണ്. പറയുന്നു, അത് കേട്ടപ്പോൾ എന്റെ മനസ്സിലുണ്ടായിരുന്ന സംശയത്തിന് മറുപടി ലഭിച്ചു. ഹൃദയം തുറക്കപ്പെട്ടു. അങ്ങിനെ ഞാൻ ബയ്അത്ത് ചെയ്തു. അദ്ദേഹം തന്റെ സഹോദരന്റെ ഭൂമി വിട്ടുകൊടുക്കാതെ കൈവശപ്പെടുത്തി വെച്ചിരിക്കുകയായിരുന്നു. ഉടൻ അടയാളപ്പെടുത്തി അദ്ദേഹത്തിന്റെ അവകാശം നൽകുക എന്ന് പറഞ്ഞ് ഉടൻ തന്റെ മരുമകന് കത്തെഴുതി. അദ്ദേഹത്തിന്റെ പിതാമഹൻ അഹ്മദിയായതിന്റെ പ്രതികരണമായിരുന്നു അത്. എന്തായാലും ഡാർ സാഹിബ് കശ്മീരിലെ യാരിപുരയിൽ നിന്ന് 5 -ാം ക്ലാസ്സ് പാസ്സായി. 1928 ൽ ഖാദിയാനിൽ വിദ്യ അഭ്യസിക്കുന്നതിനായി എത്തി. മദ്രസ അഹ്മദിയായിൽ നിന്ന് 7ാം ക്ലാസ്സ് ജയിച്ച ശേഷം ജാമിഅ അഹ്മദിയായിൽ പ്രവേശനം നേടി. 1938 ൽ മൗലവി ഫാസിൽ എടുത്തു. അദ്ദേഹത്തിന്റെ ഭാര്യ നേരത്തെ 2005 ൽ വഫാത്തായിരുന്നു. അദ്ദേഹത്തിന് 2 ആൺമക്കളും 2 പെൺമക്കളുമാണുള്ളത്.

ഗഫാർ സാഹിബിന്റെ ശബ്ദം ഉയർന്ന ശബ്ദമായിരുന്നു. പറയുന്നു, ഖലീഫ സാനിയുടെ സാന്നിധ്യത്തിൽ ജൽസയിൽ എനിക്ക് നസം കേൾപ്പിക്കാനുള്ള അവസരം ലഭിച്ചു. ഹദ്റത്ത് മലിക് അബ്ദുർ റഹ്മാൻ സാഹിബിന്റെ നസം ഹുസൂറിന്റെ സാന്നിധ്യത്തിൽ കേൾപ്പിച്ചു. 85 വയസ്സുള്ളപ്പോഴാണ് എഴുതിയത്. പറയുന്നു, അതിലെ ഒരു വരി ഇതായിരുന്നു.

ഖലീഫത്തുൽ മസീഹ് സാനിയെ സംബന്ധിച്ചുള്ള പദ്യമായിരുന്നു.

**പക്ഷിക്കൂട്ടിൽ തനിച്ചായിപ്പോയ ആ ബാലൻ**
**അല്ലാഹുവിന്റെ അനുഗ്രഹത്താൽ**
**അവന്റെ ചിറകുകൾ മുളച്ചിരിക്കുന്നു.**

പറയുന്നു, ഞാൻ ഈ വരികൾ പാടിക്കൊണ്ട് ഒരു തവണ ഖലീഫ സാനിയെ ചൂണ്ടിക്കാണിച്ചപ്പോൾ മുന്നിലിരുന്ന ആളുകൾ കൂടുതൽ ആവേശത്തോടെ മുദ്രാവാക്യം മുഴക്കുകയുണ്ടായി.

ഒരിക്കൽ ഖലീഫ സാനിയുടെ സംഭവം വിവരിച്ചുകൊണ്ട് പറയുന്നു. എന്റെ പിതാവ് രോഗിയായപ്പോൾ ഖലീഫ സാനിയിൽ നിന്നും മരുന്ന് വാങ്ങി വരുന്നതിനായി എന്നെ അയച്ചു. ഞാൻ അവിടെ എത്തായപ്പോൾ ഖലീഫ സാനി പുറത്തേക്കിറങ്ങുകയായിരുന്നു. പിതാവ് സുഖമില്ല മരുന്ന് ആവശ്യപ്പെട്ടിട്ടുണ്ട് എന്ന് ഞാൻ പറഞ്ഞപ്പോൾ ഉടനെ മടങ്ങിപ്പോയി മരുന്ന് എടുത്ത് തന്നു. അത്തരത്തിലുള്ള ഒരു സഹോദര ബന്ധമായിരുന്നു ഖലീഫ സാനിക്ക് ആ കുടുംബത്തോട്, മറിച്ച് മുഴുവൻ കശ്മീരികളോടും ഉണ്ടായിരുന്നത്. കൂടാതെ അദ്ദേഹം ജമാഅത്തിന് വേണ്ടി ധാരാളം പ്രവർത്തിച്ചിട്ടുണ്ട്. ഖലീഫ സാനി അദ്ദേഹത്തെ കൊണ്ട്

പല സുപ്രധാന ജോലികളും ചെയ്യിപ്പിക്കുമായിരുന്നു. കശ്മീരിൽ നിന്ന് പുറപ്പെട്ടിരുന്ന, ഖലീഫാ സാനി നേരിട്ട് മാർഗദർശനം നൽകിയിരുന്ന ഇസ്ലാഹ് എന്ന മാസികയിൽ പഠനം പൂർത്തിയാക്കിയ ശേഷം അദ്ദേഹത്തെ ഖലീഫ സാനി നിയമിച്ചു.

അദ്ദേഹം നല്ല അഭിപ്രായം പറയുന്ന വ്യക്തിയുമായിരുന്നു. മജ്‌ലിസെ ശൂറയിൽ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തട്ടെ. ഖലീഫ സാനി അദ്ദേഹത്തെ ആജീവാനന്ത ശൂറാ പ്രതിനിധിയായി നിയമിച്ചിരുന്നു. അദ്ദേഹത്തിന്റെ ചെറുമകൻ പറയുന്നു, ഞങ്ങളോട് നമസ്കാരത്തെ പറ്റി എപ്പോഴും പറഞ്ഞു കൊണ്ടിരിക്കുമായിരുന്നു. നമസ്കാരത്തിന് എത്ര സമയം ബാക്കിയുണ്ടെന്ന് ചോദിച്ചു കൊണ്ടിരിക്കുമായിരുന്നു. ഖുലഫാക്കളുമായുള്ളതിന്റെ അനുഭവങ്ങൾ അദ്ദേഹം വിവരിക്കുമായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ.

ഞാൻ പറഞ്ഞതുപോലെ മൂന്ന് ജനാസയും ജുമുഅ നമസ്കാരത്തിന് ശേഷം നമസ്കരിപ്പിക്കുന്നതാണ്.

**PRINTED BOOKS**

To

**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 February 8 at : Baitul Futuh London
Translation: T.M.Abdul Mujeeb - 09946794987

Typing: Nasarudheet.A.T & Tahir Ahmad
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**